IndianTerminal.com

# ലീല

രണ്ടു വർഷം കപ്പലിൽ ജോലി ചെയ്തിരുന്ന കുന്നേലെ പാപ്പന്റെ മകൻ ജോയിയെ കണ്ടിട്ട് വന്നുകിടന്നതുകൊണ്ടാവും കുറെ ആടുകളും കമ്പിളിത്തൊപ്പിവെച്ച മനുഷ്യരും അവർക്കിടയിൽ അമ്പലത്തിൽ മാല കെട്ടിയിരുന്ന കല്യാണിയമ്മയും വലിയൊരു കപ്പലിന്റെ മുകളിൽനിന്ന് പാട്ടും പാടിക്കൊണ്ട് റബ്ബർതോട്ടത്തിൽക്കൂടിപ്പോകുന്നത് സ്വപ്നത്തിൽ കണ്ടത്. നടക്കാൻപോലും വയ്യാത്ത ഈ വാരസ്യാരെങ്ങനെ ഇതിൽ കയറിക്കൂടിയെന്ന് ഞാൻ കപ്പലിന്റെ തുഞ്ചത്തുനിന്നിരുന്ന കൊമ്പൻമീശക്കാരനോട് ചോദിച്ചു കൊണ്ടിരുന്നപ്പോഴാണ് കതകിലാരോ നിർത്താതെ മുട്ടുന്നതു കേട്ടത്.

ഈ നട്ടപ്പാതിരയ്ക്ക് ഇതാരാണോ എന്നും പറഞ്ഞ് ആദ്യം ചാടിയെഴുന്നേറ്റത് പദ്മിനിയാണ്. ഞാൻ എഴുന്നേൽക്കുംമുമ്പുതന്നെ മുടി വാരിക്കെട്ടി ലൈറ്റുമിട്ട് അവൾ മുൻവശത്തേക്ക് നടന്നുകഴിഞ്ഞു. സ്വപ്നത്തിലെ കപ്പൽയാത്രക്കാരെ ഉപേക്ഷിച്ച് അഴിഞ്ഞുകിടന്നിരുന്ന കൈലി തപ്പിയെടുത്ത് ഞാനും പിന്നാലെ ചെന്നു. മുന്നിലെ വാതിൽ അപസ്മാരം വന്നപോലെ ഇടിയുടെ ശക്തിയിൽ വിറയ്ക്കുന്നുണ്ട്.

ഭാര്യ എന്റെ അടുത്തേക്കു ചേർന്നുനിന്നിട്ട് ആരാണെന്ന് ചോദിക്കാൻ പതുക്കെപ്പറഞ്ഞു. ഒരു നിമിഷം ഞാൻ അവളെ നോക്കിയിട്ട് ഉറക്കെ ചോദിച്ചു:
"ആരാ അത്?"

ചോദ്യം കതകിനെക്കടന്ന് അപ്പുറത്ത് ചെന്നപ്പോൾതന്നെ വിറയൽ നിന്നു.

"ഇതു ഞാനാ."

ആ മറുപടി ഇപ്പുറത്തെത്തും മുമ്പുതന്നെ, ഓ, കുട്ടിയപ്പനാ, ഇനി ഈ നട്ടപ്പാതിരയ്ക്കെന്നാ കോളുംകൊണ്ടാണോ വന്നിരിക്കുന്നതെന്നും പറഞ്ഞ് ഭാര്യ കിടക്കാൻ പോയി. ഞാൻ വാതിൽ തുറന്നു. ഒരു തോർത്തും തലയിൽ കെട്ടി, ഷർട്ടിടാതെ, കള്ളിമുണ്ടും ഉടുത്ത്, ആറു ബാറ്ററിയുടെ ഒരു ടോർച്ചും പിടിച്ച് മുഖം നിറഞ്ഞ ചിരിയുമായി കുട്ടിയപ്പൻ നിൽക്കുന്നു. കാര്യമെന്താണെന്ന് ചോദിക്കുംമുൻപുതന്നെ കുട്ടിയപ്പൻ എന്റെ കൈക്കുപിടിച്ചു വലിച്ചുകൊണ്ട് മുറ്റത്തേക്കിറങ്ങി. പിന്നെ എന്നേം വലിച്ചുകൊണ്ട് ചടപടാന്ന് ഒരു നടത്തം. നടത്തത്തിനിടയിൽ കാര്യം പറയ് കുട്ടിയപ്പാ എന്ന് ഞാൻ പറയുന്നുണ്ടെങ്കിലും നടത്തം നിർത്തിയില്ല. കാര്യം പറഞ്ഞതുമില്ല. ആ നടത്തം തെക്കേപ്പറമ്പിലെ ചാമ്പയുടെ ചോട്ടിൽ ചെന്നാണ് അവസാനിച്ചത്. ഞാൻ അണച്ചുകൊണ്ട് ചാമ്പയിൽ ചാരിനിന്നു. കുട്ടിയപ്പൻ അപ്പോഴും എന്റെ കൈയിലെ പിടിത്തം വിട്ടിരുന്നില്ല.



WITH LOVE ... LOLAN

IndianTerminal.com



"പിള്ളേച്ചോ എനിക്കൊന്ന് ഭോഗിക്കണം." കുട്ടിയപ്പൻ അണച്ചുകൊണ്ട് പറഞ്ഞു.

"ആരെ, എന്നെയാണോ വേണ്ടത് ഈ പാതിരയ്ക്ക്?"എനിക്കു ദേഷ്യം വന്നു.

"എന്റെ പിള്ളേച്ചാ, ചുമ്മാ കളിക്കല്ലേ." കുട്ടിയപ്പൻ ടോർച്ചുകൊണ്ടു പുറംചൊറിഞ്ഞുകൊണ്ട് പറഞ്ഞു: "ഇതൊരു പ്രത്യേകതരം ഭോഗമാണ്. അതിനൊരു ഏർപ്പാടുണ്ടാക്കണം."

"എന്ത് ഏർപ്പാട്?" എനിക്കു മനസ്സിലായില്ല.

കുട്ടിയപ്പൻ എന്റെ കൈയിലെ പിടിത്തം വിട്ടിട്ട് കുറച്ചുനേരം മിണ്ടാതെ നിന്നു. എന്നിട്ട് ചാമ്പയിലേക്ക് ടോർച്ചടിച്ചുനോക്കി.

"അവിടെ ആരും ഇരിപ്പില്ല. കാര്യം പറ കുട്ടിയപ്പാ." എന്റെ ദേഷ്യത്തിന്റെ അളവു കൂടിവരുന്നത് കുട്ടിയപ്പനും മനസ്സിലായി.

"അതേ, ഒരു കൊമ്പനാനയുടെ തുമ്പിക്കൈയിൽ ഒരു പെണ്ണിനെ തുണി യില്ലാതെ ചേർത്തുനിർത്തിയാൽ എങ്ങനെ ഇരിക്കും?"

ഞാനൊന്നും മിണ്ടിയില്ല. "കണ്ടാൽ നെറ്റിപ്പട്ടം അഴിച്ചുവച്ചതുപോലെ യിരിക്കണം. എന്നിട്ട് ആനയുടെ രണ്ട് കൊമ്പുകളിലും പിടിച്ചുകൊണ്ട് തുമ്പി കൈയിൽ ചാരിനിൽക്കുന്ന പെണ്ണിനെ എനിക്കൊന്ന് ഭോഗിക്കണം."

ഒരു നിമിഷത്തേക്ക് ഞാനൊന്ന് ശ്വാസം ആഞ്ഞുവലിച്ചു. ഒരു വാവൽ എന്റെ തലയിൽ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ പറന്നുപോയി.

"പിള്ളേച്ചോ." കുട്ടിയപ്പൻ പതുക്കെ വിളിച്ചു. ഞാനൊന്ന് മൂളി.

"എന്നാ ഒന്നും പറയാത്തെ?" കുട്ടിയപ്പൻ ചോദിച്ചു.

"ഇതെങ്ങനെ നടക്കും കുട്ടിയപ്പാ?" എന്റെയുള്ളിലെ സംശയത്തിനു പോലും അത്രയ്ക്കു സംശയമായിരുന്നു.

"അതൊക്കെ നടക്കുമെന്റെ പിള്ളേച്ചാ. മനുഷ്യൻ ചന്ദ്രനില് വെള്ളം തപ്പിപ്പോകുന്നു. പിന്നെ ഇതിനാ വെഷമം." കുട്ടിയപ്പൻ പറഞ്ഞു: "പിള്ളേച്ചൻ ചുമ്മാ എന്റെ കൂടെയങ്ങ് നിന്നുതന്നാൽ മതി."

ഒരു പേക്കുയിലിന്റെ കരച്ചിൽ മുകളിലൂടെ വന്നുപോയി.

കുട്ടിയപ്പനെ പടിവരെയാക്കിയിട്ട് തിരിച്ചുചെന്നപ്പോൾ ഭാര്യ ചോദിച്ചു: "എന്നാ, കുട്ടിയപ്പന്റെ പുതിയ ഏർപ്പാട്?"

"ഓ, ഒരു ആനെ വാങ്ങണമെന്നു പറയാൻ വന്നതാ." ഞാൻ പദ്മിനിക്ക് മുഖംകൊടുക്കാതെ പെട്ടെന്ന് കട്ടിലിലേക്ക് കിടന്നു.

"തന്തയൊണ്ടാക്കിയത് മുഴുവൻ നശിപ്പിക്കാൻ ഓരോന്ന് ജനിച്ചോളും. കൊറേ പഠിച്ചിട്ടൊണ്ടെന്നു പറഞ്ഞിട്ട് വല്ല കാര്യമൊണ്ടോ?" പദ്മിനി പിന്നെയും എന്തൊക്കെയോ മുറുമുറുത്തുകൊണ്ടിരുന്നു. ഞാനൊന്നും പറഞ്ഞില്ല. റബ്ബർ തോട്ടത്തിലൂടെ പോയ കപ്പലിനു പിന്നാലെ ഒന്നോടി നോക്കിയാലോ എന്നും വിചാരിച്ച് കണ്ണടച്ചു കിടന്നു.

ഭാര്യ ജോലിക്കു പോയതിനുശേഷമാണ് ഞാൻ കവലയിലേക്ക് ഇറ ങ്ങിയത്. അനിയൻപിള്ളേച്ചന്റെ ചായക്കടയിലേക്കു കയറുംമുമ്പുതന്നെ കുട്ടിയപ്പന്റെ വില്ലീസ് ജീപ്പ് മുന്നിൽവന്ന് ബ്രേക്കിട്ടിട്ട് വണ്ടീലോട്ട് കേറ് പിള്ളാച്ചാ എന്നൊരു മുരൾച്ച കേട്ടു. ജീപ്പാണോ കുട്ടിയപ്പനാണോ ആ



WITH LOVE ... LOLAN

IndianTerminal.com



പറഞ്ഞത് എന്നൊന്നും നോക്കാതെ ഞാൻ ജീപ്പിലേക്കു കയറി. കവല വിട്ടു കഴിഞ്ഞപ്പോൾ കുട്ടിയപ്പൻ പറഞ്ഞു: "കിടങ്ങൂരൊരു ആന സോമൻ നായരൊണ്ട്. ഈ പോക്കിന് അങ്ങേരെയൊരു പിടിത്തം പിടിക്കാം."

"അങ്ങേര് സമ്മതിക്കുവോ?" ഞാൻ ചോദിച്ചു.

"അതിപ്പം സമ്മതിക്കാതിരിക്കാനെന്നാ?" കുട്ടിയപ്പൻ നീട്ടിയൊരു പീപ്പി അടിച്ചിട്ട് പറഞ്ഞു: "കാശല്ലേ കൊടുക്കുന്നത്?"

വണ്ടി ഓടിപ്പോയി. കുട്ടിയപ്പൻ ആനകളെക്കുറിച്ചും അതിന്റെ സ്വഭാവങ്ങളെക്കുറിച്ചുമെല്ലാം പറഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്ക് വണ്ടിയും എന്തൊക്കെയോ പറഞ്ഞപ്പോൾ ഞാൻ കുട്ടിയപ്പനെ നോക്കി. ഓ അത് സാരമില്ല. ഇടയ്ക്ക് ഇവളിങ്ങനെ പിച്ചുംപേയും പറയുമെന്ന് കുട്ടിയപ്പൻ പറഞ്ഞു. പിന്നെ ഞാനത് ശ്രദ്ധിച്ചതേയില്ല.

കിടങ്ങൂരെത്തിയപ്പോൾ കുട്ടിയപ്പൻ ചോദിച്ചു: "പിള്ളേച്ചന് സോമൻ നായരെ കാണാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ?"

"എനിക്കെന്നാ ബുദ്ധിമുട്ട്? ഒരു ബുദ്ധിമുട്ടുമില്ല." ഞാൻ പറഞ്ഞു.

"അതല്ല, നിങ്ങടെ ഭാര്യേടെ ബന്ധുക്കളൊക്കെ ഇവിടുള്ളതല്ലേ, പറഞ്ഞു വരുമ്പം വല്ല മുള്ളിത്തെറിച്ച ബന്ധോം കണ്ടാലോ?"

അതു ശരിയാണല്ലോ എന്ന് ഞാൻ ഒരു നിമിഷം ആലോചിച്ചു: "എന്നെ പരിചയപ്പെടുത്തുമ്പം വേറെ വല്ലതും പറഞ്ഞാൽ മതി."

സോമൻനായരുടെ പറമ്പില് തെങ്ങിനെക്കാൾ കൂടുതൽ ആനകളുണ്ടായിരുന്നു; ചുവട്ടിൽ പൊതിയാത്തേങ്ങാപോലെ പിണ്ടങ്ങളും.

സോമൻനായരെ നോക്കി അരമണിക്കൂറോളം കാത്തിരുന്നു. കുളികഴിഞ്ഞുള്ള പൂജയാണെന്ന് ഭാര്യ വന്നു പറഞ്ഞു. പറമ്പിൽ നിൽക്കുന്ന വലിയൊരു കൊമ്പനെ നോക്കി കുട്ടിയപ്പൻ ചോദിച്ചു: "അവനെങ്ങനെ?"

ഞാൻ നോക്കിയപ്പോൾ ആ കൊമ്പ് ഇപ്പം വന്ന് കണ്ണിൽത്തൊടുമെന്ന് ഭയന്നു പോയി.

"എങ്ങനെയുണ്ട്? മൂന്നു പാപ്പാന്മാരെ കൊന്നതാ." കുട്ടിയപ്പൻ പറഞ്ഞു.

അതു കേട്ടപ്പോൾ എന്റെ അകമൊന്ന് കടഞ്ഞു.

"ഇതിനെയാണ് തരുന്നതെങ്കിലോ?" ഞാൻ ചോദിച്ചു.

"എന്നാലതല്ലേ രസം. നമ്മടെ ഒരു സ്വഭാവം ആശാന് പിടികിട്ടും." കാലുകൾക്കിടയിൽ ചുണ്ടുപിളർത്തി നിൽക്കുന്ന കൈകാലുകളും ചിറകുമില്ലാത്ത വഴുക്കുന്ന അത്ഭുതജീവിയെ നോക്കിക്കൊണ്ട് കുട്ടിയപ്പൻ പറഞ്ഞു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ സോമൻനായർ വന്നു. നെറ്റിയിൽ ചന്ദനം കൊണ്ടുള്ള സമചിഹ്നങ്ങൾ. നടുക്ക് സിന്ദൂരത്തിന്റെ പൂജ്യവും. സോമൻ നായരെ കണ്ടതും കുട്ടിയപ്പൻ സാഷ്ടാംഗം കാലിലേക്ക് വീണു. സോമൻ നായർ അതു പ്രതീക്ഷിച്ചതല്ല. കുട്ടിയപ്പനായതുകൊണ്ട് ഞാനതു പ്രതീക്ഷിച്ചിരുന്നു. സോമൻനായരുടെ മുഖത്തെ മാറിമാറിവരുന്ന ഭാവങ്ങളെല്ലാം നോക്കി ഞാൻ വെറുതെ നിന്നു. കുട്ടിയപ്പനെ എഴുന്നേൽപ്പിച്ചിട്ട് സോമൻ നായർ ഇരിക്കാൻ പറഞ്ഞു. ഞാൻ ഇരുന്നു. കുട്ടിയപ്പൻ ഇരിക്കാതെ താണു വണങ്ങി നിന്നു. സോമൻനായർക്ക് ഒന്നും മനസ്സിലാവുന്നില്ല എന്ന് എനിക്കു മനസ്സിലായി. കുറച്ചുനേരം കഴിഞ്ഞ് വന്ന കാര്യമെന്താണെന്ന് പറയുവാൻ



WITH LOVE ... LOLAN

IndianTerminal.com



ആവശ്യപ്പെട്ടു. വന്ന കാര്യമല്ല, വന്നതെവിടെനിന്നാണെന്നും പറഞ്ഞാണ് കുട്ടിയപ്പൻ തുടങ്ങിയത്. എന്നെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ തൃശൂരുള്ള ഒരു ആനപ്രേമിയാണെന്നും ഏറ്റവും നല്ല ആന സോമൻനായരുടേതാണെന്ന് പറഞ്ഞെന്നുമെല്ലാം കുട്ടിയപ്പൻ പറഞ്ഞു. എന്നോട് അങ്ങേര് ഒന്നും ചോദിക്കല്ലേ എന്റെ വാസുദേവപുരത്തപ്പാ എന്ന് അപ്പോൾത്തന്നെ ഞാൻ പ്രാർത്ഥിച്ചു. എന്നാ, അറിയത്തില്ല തുടങ്ങി കോട്ടയത്തിന്റെ മുഴുവൻ കയറ്റിറക്കങ്ങളും നാവിലെഴുതിവെച്ചിരിക്കുന്ന എനിക്ക് വടക്കന്റെ കവിണപോലെ നീളുന്ന ഭാഷയെങ്ങനെ വഴങ്ങാനാണ്! ഞാൻ മിണ്ടാതിരുന്നു. ഭാഗ്യത്തിന് സോമൻനായർ എന്നോടൊന്നും ചോദിച്ചില്ല. മാതംഗലീലമുതൽ നാടൻ ആനവൈദ്യംവരെ കുട്ടിയപ്പൻ സോമൻനായരോട് സംസാരിച്ചു. കുട്ടിയപ്പന്റെ വിജ്ഞാനഖനിക്കു മുന്നിൽ നായര് തുറന്ന വായോടെ ഇരിക്കുന്നതും നോക്കി ഞാൻ വെറുതെ ഇരുന്നു. ഒടുവിൽ സോമൻനായരെ മാറ്റിനിർത്തി കുട്ടിയപ്പൻ എന്തൊക്കെയോ പറയുന്നതു കണ്ടു. ഇടയ്ക്ക് ഒന്നുരണ്ടുതവണ സോമൻനായരുടെ കാലിലേക്ക് കുട്ടിയപ്പൻ കയർ അഴിഞ്ഞുവീഴുംപോലെ വീണു. അപ്പോഴെല്ലാം ഇല്ല ഇല്ല എന്ന അർത്ഥത്തെ പൊലിപ്പിച്ചുകൊണ്ട് സോമൻനായരുടെ രണ്ട് കൈകളും വെഞ്ചാമരമാകുന്നതും കണ്ടു.

കിടങ്ങൂരിൽനിന്ന് പാലായ്ക്കുള്ള വഴിതിരിയുന്നിടത്ത് വണ്ടി പെട്ടെന്ന് ചവിട്ടി നിർത്തിയിട്ട് കുട്ടിയപ്പൻ ചോദിച്ചു: “അപ്പോപ്പിന്നെ ഇനി എന്നാ ചെയ്യും?”

ഞാനും ഇനി എന്തു ചെയ്യും എന്ന മട്ടിൽ കുട്ടിയപ്പനെ നോക്കി.

ഇതിനിടയിൽ വണ്ടി ഒന്നു മുരണ്ടു. കുട്ടിയപ്പൻ ചെവി വട്ടംപിടിച്ചു. എന്നിട്ട് എന്നെ നോക്കിയിട്ട് പറഞ്ഞു: “അവള് പറയുവാ ദേ, ആ ഷാപ്പിലോട്ടു കേറിക്കോളാൻ.” ഞാൻ ഇടത്തോട്ടു നോക്കി. ഷാപ്പ് ഞങ്ങളെ നോക്കിച്ചിരിക്കുന്നു.

ഷാപ്പിനു പുറത്തുള്ള മാടക്കടയുടെ ചായ്ച്ചുകെട്ടിയ ഓലക്കീറിനു കീഴിൽ നിൽക്കുമ്പോൾ കുട്ടിയപ്പന്റെ തൊണ്ടക്കുഴിയിൽനിന്നും പുളിച്ച കള്ളിന്റെ മണമുള്ള ഒരു ഏമ്പക്കം ധൃതിയിൽ പുറത്തേക്കു പോയി.

“പിള്ളേച്ചോ നമുക്കെന്നാൽ ബീഹാറിലേക്കു പോയാലോ?”കുട്ടിയപ്പൻ ചോദിച്ചു.

കുട്ടിയപ്പൻ ബീഹാറിലേക്കു വണ്ടികേറുമെന്ന് ഉറപ്പുള്ളതുകൊണ്ട് ഞാൻ പറഞ്ഞു: “ചമ്പക്കരയ്ക്കുംകൂടി ഒന്നു പോകാം.”

പഴക്കുലകൾക്കിടയിലൂടെ മുറുക്കാൻ കടക്കാരന്റെ ആകാംക്ഷ തലനീട്ടി: “തിരുമ്മിക്കാനാണോ?”

“അല്ല. ഒരാനയെ വേണം.”

ആകാംക്ഷയ്ക്ക് ഇരിപ്പുറയ്ക്കുന്നില്ല.

“എഴുന്നള്ളിക്കാനാണോ?”

“എഴുന്നള്ളിക്കാനൊന്നുമല്ല. വെറുതെ ഒന്ന് നിർത്താനാ.” നാക്കിൽ ചുണ്ണാമ്പ് തേച്ചുകൊണ്ട് കുട്ടിയപ്പൻ പറഞ്ഞു.

“എന്നാ, മണർകാട്ടേക്ക് വിട്ടോ. അവിടെ നല്ല കരിവീട്ടിപോലൊരുത്തൻ വന്നിട്ടൊണ്ട്. നമ്മടെ രാമപ്പണിക്കരുചേട്ടൻ പോയി കണ്ടിട്ട് നല്ല ലക്ഷണാന്നാ പറഞ്ഞേ.”



WITH LOVE ... LOLAN

IndianTerminal.com



"ഏത് രാമപ്പണിക്കര്?"കുട്ടിയപ്പന്റെ ആകാംക്ഷയും തലനീട്ടി.

"നമ്മടെ ഏറ്റുമാനൂർ നീലാണ്ടന്റെ ആദ്യത്തെ പാപ്പാനല്ലാരുന്നോ രാമപ്പണിക്കര്. ദേ ഈ തൊണ്ട് തീരുന്നിടത്താ അങ്ങേരടെ വീട്. എന്നാ കാര്യം വേണേലും പുള്ളിയോട് ചോദിച്ചാ മതി."

കുട്ടിയപ്പൻ എന്നെ ഒന്നു നോക്കി. ഞാൻ കുട്ടിയപ്പനെയും ഒന്നു നോക്കി. പഴക്കുലകൾക്കിടയിലെ തല തോടിനുള്ളിലേക്കു വലിഞ്ഞു.

ഒരു കുപ്പി പനയും രണ്ട് കെട്ടു ബീഡിയും കുറച്ചു വെറ്റയും പുകയിലയും മേടിച്ചുകൊണ്ടാണ് പണിക്കരുടെ വീട്ടിൽ ചെന്നത്. പണിക്കർ വീടിന്റെ തിണ്ണയിലിരിപ്പുണ്ടായിരുന്നു. കൈയിൽ പഴയൊരു റാന്തൽ. അഴിക്കുകയാണോ മുറുക്കുകയാണോ ചെയ്യുന്നതെന്ന് മനസ്സിലായില്ല. തുരുമ്പിന്റെ വാട്ടംകെട്ടിയ റാന്തലാണ്. വെളിച്ചം കത്തിച്ചാൽ എന്റെ മേലു മുഴുവൻ ചൂടുപിടിച്ച് ഞാൻ ചത്തുപോകുമേ എന്നൊരു സങ്കടഭാവം അതിനുണ്ട്. മുറ്റത്തുനിന്നുതന്നെ കുട്ടിയപ്പൻ ഉറക്കെ വിളിച്ചു "പണിക്കരുചേട്ടോ..."

റാന്തല് താഴെവെച്ച് പണിക്കർ നോക്കി.

"ഞങ്ങള് കുടമാളൂരുന്ന് വരുവാ." കൈയിലെ കാഴ്ചകളെല്ലാം പണിക്കർക്കു കൊടുത്തിട്ടു പറഞ്ഞു: "നീലാണ്ടനേംകൊണ്ട് വരുമ്പം കണ്ടിട്ടൊണ്ട്. കരികുളങ്ങരേം വാസുദേവപുരത്തുമൊക്കെ ചേട്ടനല്ലേ വന്നോണ്ടിരുന്നത്."

"പിന്നല്ലാതെ." കൈയിലെ പൊതി ഒരു മൂലയിലേക്ക് മാറ്റിവെച്ചിട്ട് പണിക്കരു പറഞ്ഞു: "ഇപ്പോളല്ലേ വടക്കൂന്ന് ആനേ വിളിച്ച് ഒണ്ടാക്കുന്നത്! നമ്മുടെ ആനയ്ക്കൊന്നും മറ്റേതില്ലാത്തതുപോലെ."

"പിന്നല്ലാതെ." കുട്ടിയപ്പൻ അതങ്ങു സമ്മതിച്ചു.

പണിക്കരു തോർത്തുകൊണ്ട് അരപ്രൈസിലിരുന്നിരുന്ന പൊടിയെ ഓടിച്ചുവിട്ടു. അതെല്ലാം ഓടിപ്പോയി. ഞങ്ങൾ അവിടെ ഇരുന്നു.

"കുടമാളൂര് എവിടത്തെയാ?" പണിക്കർ എന്നോടു ചോദിച്ചു.

"ഞാൻ തെക്കേതിലെയാ. ഇങ്ങേര് വരുത്തനാ. കൂത്താട്ടുകുളംകാരനാ." കുട്ടിയപ്പൻ പറഞ്ഞു.

"തെക്കേതിലേന്ന് പറയുമ്പം എവിടെയായിട്ട് വരുമത്?"

"ഓ, അത് വട്ടക്കോട്ടേന്ന്, പാണ്ഡവത്തേക്ക് എറങ്ങുന്ന വഴിക്കാ."

പണിക്കരൊന്നു ചുമച്ചിട്ട് കഫം നീട്ടിത്തുപ്പി.

"എന്നാ പറ്റി?"കുട്ടിയപ്പന്റെ ആകാംക്ഷ നീണ്ടുചെല്ലുന്നതു കണ്ടു.

"തണുപ്പിന്റെയാ." നെഞ്ചിൻകൂടിനെ ഇളക്കിക്കൊണ്ട് ഒന്നുകൂടി ചുമച്ചിട്ട് പണിക്കർ എടീയേന്ന് ഒന്നു നീട്ടിവിളിച്ചു. ആ വിളിപോയ വഴിയിലേക്ക് ഞാനൊന്ന് നോക്കി. കഫം ചുറ്റിയ ശബ്ദം അകത്തെ വാതിലിലൂടെ കയറി എവിടേക്കോ പോയി.

കുറച്ചു കഴിഞ്ഞ് ഒരു സ്ത്രീ മരുന്നും വെള്ളവുമായി വന്നു. ഒന്നുരണ്ട് ഗുളികകൾ കഴിച്ചിട്ട് പണിക്കർ ഗ്ലാസ് തിരികെ കൊടുത്തു. അവരുടെ പിന്നാലെ കുട്ടിയപ്പന്റെ നോട്ടവും നടന്നു ചെന്നിട്ട് പണിക്കരെ തിരിഞ്ഞുനോക്കിയപ്പോൾ പണിക്കര് ചുണ്ടുതുടച്ചുകൊണ്ട് പറഞ്ഞു: "മകളല്ല. ഭാര്യയാ. വരുന്നവരും പോകുന്നവരുമൊക്കെ മകളാണോന്ന് ചോദിക്കും. നിങ്ങളുമിനിയങ്ങനെ ചോദിക്കണ്ട എന്നു കരുതി പറഞ്ഞതാ."



WITH LOVE ... LOLAN

IndianTerminal.com



കുട്ടിയപ്പൻ ഉറക്കെ ചിരിച്ചു.

"ഞാനീ ആനേംകൊണ്ട് നടന്നുനടന്ന് വീട്ടിലൊരുത്തി നിക്കുന്ന കാര്യമങ്ങ് വിട്ടുപോയി." പണിക്കര് ബീഡി കത്തിച്ചിട്ട് പറഞ്ഞു: "അവളൊരു ദിവസം ഒരുത്തന്റെ കൂടെയങ്ങ് പോയി. ഞാൻ പിന്നെ വയ്യാതിരുന്നപ്പം ഇതിനെയങ്ങ് കെട്ടി. ആരെങ്കിലും നോക്കാൻ വേണ്ടേ?"

"എന്റെ പണിക്കരുചേട്ടാ എന്റെ ഭാര്യേം ഇങ്ങനെ ഒരു ദിവസം ഒരുത്തന്റെ കൂടെയങ്ങ് പോയി." കുട്ടിയപ്പൻ പണിക്കരുചേട്ടനെ നോക്കിക്കൊണ്ട് ഇപ്പോൾ കരയുമെന്ന മട്ടിൽ പറഞ്ഞു: "പിന്നേം ഒരുത്തിയെ കെട്ടി. അവളും പോയി."

ഞാൻ ചുവരിലിരുന്ന ദൈവങ്ങളെ നോക്കി. അവരെന്നെയും നോക്കി. ഞങ്ങൾ ഒന്നിച്ച് കുട്ടിയപ്പനെ നോക്കി. കുട്ടിയപ്പൻ ഞങ്ങളെ നോക്കി കണ്ണടച്ചു.

"അയ്യോ അതെന്നാ കുഞ്ഞേ അങ്ങനെ പറ്റിയത്?"പണിക്കർ കസേര കുറച്ചുകൂടി അടുത്തേക്ക് നീക്കിയിട്ടു.

"എല്ലാം ജാതകദോഷം, അല്ലാതെന്നാ പറയാനാ." കുട്ടിയപ്പൻ പണിക്കരുടെ ചെവിക്കടുത്തേക്കു ചെന്ന് ശബ്ദം താഴ്ത്തി: "ചേട്ടാ, സത്യത്തിൽ ശരിക്കുള്ള ലൈംഗികസുഖംപോലും അനുഭവിച്ചിട്ടില്ല."

കുട്ടിയപ്പന്റെ മുഖം കണ്ടിട്ടാകണം പണിക്കർക്കും സങ്കടം വന്നു. എല്ലാം ശരിയാകുമെന്ന് പണിക്കർ കുട്ടിയപ്പനോട് പറഞ്ഞു. അതെ, എല്ലാം ശരിയാകുമെന്ന് കുട്ടിയപ്പനും പറഞ്ഞു.

കുട്ടിയപ്പൻതന്നെ പണിക്കർക്ക് ഒരു ഗ്ലാസ് കള്ള് ഒഴിച്ചുകൊടുത്തു. നാക്കിൽ കള്ളിന്റെ മദം തൊട്ടപ്പോൾ പണിക്കരുടെ കണ്ണു തെളിഞ്ഞുവന്നു. കുപ്പിയുടെ ചുവട്ടിലേക്ക് വെളുപ്പിന്റെ നുര അസ്തമിച്ചു തുടങ്ങിയപ്പോൾ കുട്ടിയപ്പൻ പറഞ്ഞു: "ചേട്ടാ, വന്നത് വേറൊരു കാര്യം പറയാനാ."

പണിക്കർ മുഖമൊന്ന് അമർത്തി തുടച്ചിട്ട് കുട്ടിയപ്പനെ നോക്കി.

"എനിക്കൊരു ആനയെ വേണം. ഒരു ദിവസത്തേക്ക് അല്ലെങ്കിൽ ഒരു മണിക്കൂർ നേരത്തേക്ക്." കുട്ടിയപ്പന്റെ ശബ്ദത്തിലെ അപേക്ഷാഭാവം പണിക്കരുടെ കാലിൻചുവട്ടിൽ തല താഴ്ത്തിനിന്നു.

"എന്നാത്തിനാ?" പണിക്കരു ചോദിച്ചു.

കുട്ടിയപ്പൻ അവസാനത്തെ കള്ളുകൂടി ഊറ്റി ഗ്ലാസ്സിലേക്ക് ഒഴിച്ചു. കുപ്പിക്കു പുറത്തേക്ക് രക്ഷപ്പെടാൻ വന്ന കള്ളുമട്ടിനോട് തിരിച്ചുപൊക്കോളാൻ പറഞ്ഞിട്ട് കുട്ടിയപ്പൻ ഗ്ലാസ്സിനൊപ്പം ചോദ്യത്തിനുള്ള ഉത്തരവും നീട്ടി. "ഒരു പെണ്ണിനെ ഭോഗിക്കാനാണ്." ഒരിറക്കുകുടിച്ചിട്ട് പണിക്കർ തലയുയർത്തി.

"ഒരു കൊമ്പന്റെ തുമ്പിക്കൈയിൽ ഒരു പെണ്ണിനെ ചേർത്തുനിർത്തിയിട്ട് എനിക്കൊന്ന് ഭോഗിക്കണം."

പണിക്കർ ഒറ്റവലിക്ക് കള്ള് തീർത്തിട്ട് കണ്ണിലേക്കു പടർന്ന ചുവപ്പുകൊണ്ട് കുട്ടിയപ്പനെ ഒന്ന് ഉഴിഞ്ഞു.

"എഴുന്നള്ളത്തിന് ആനയെ കിട്ടും. തടി പിടിക്കാനും കിട്ടും. ഇതിനാ പ്രയാസം." ചുണ്ടിലേക്ക് തിരുകിയ ബീഡി ചവച്ചുകൊണ്ട് പണിക്കരു പറഞ്ഞു.



WITH LOVE ... LOLAN

IndianTerminal.com



കുട്ടിയപ്പൻ പണിക്കരുടെ കാലിൻചുവട്ടിലേക്ക് ഇരുന്നു. ഒന്നുരണ്ട് പുക എടുത്തശേഷം പണിക്കരു പറഞ്ഞു: "ഇവിടുന്നെങ്ങും കിട്ടാൻ പോകുന്നില്ല. ആരെങ്കിലും ഇതു കേട്ടാൽ തോട്ടിക്കിട്ട് പിടിച്ച് കൊല്ലും. പിന്നെ ഒരു വഴി യൊണ്ട്. വയനാട്ടില് ഒരു ദേവസ്സിക്കുട്ടിക്ക് ഒരു ആനയുണ്ട്. ചെലപ്പം നടക്കും."

"വയനാടല്ല ഭൂമിക്കങ്ങേപ്പുറത്തും പോകാം. എങ്ങനെയെങ്കിലും ഒന്ന് ശരിയാക്കിത്തരണം." കുട്ടിയപ്പന്റെ കൈകൾ പണിക്കരുടെ കാലിലേക്ക് ചേർന്നു.

"ദേവസ്സിക്കുട്ടി ഞാൻ പറഞ്ഞാൽ കേൾക്കേണ്ടതാണ്." പണിക്കർ ഒഴിഞ്ഞ കുപ്പിയിലേക്ക് നോക്കിയിട്ട് പറഞ്ഞു: "പണ്ട് ഒരാളെ കൊല്ലാൻ വേണ്ടി ആനയെ വേണമെന്നും പറഞ്ഞ് വന്നതാ. അങ്ങേരടെ കെട്ടിയവളുടെ രഹസ്യക്കാരനെ. ഇരുട്ടുവാക്കുനോക്കി രണ്ട് ദിവസം നിന്നതാ. കിട്ടിയില്ല. ഇടയ്ക്ക് ഇതുവഴി വരുമ്പം വരും. ഇപ്പത്തെ ആനയെ ഞാനാ പോയി നോക്കി വാങ്ങിയത്. എന്നായാലും അങ്ങ് ചെല്ല്. ഞാൻ പറഞ്ഞതാന്ന് പറഞ്ഞാ മതി. വീട്ടുപേരും വഴീമൊക്കെ എഴുതിക്കോ."

ദേവസ്സിക്കുട്ടീടെ വിലാസമെഴുതിക്കഴിഞ്ഞപ്പോൾ കുട്ടിയപ്പൻ ഒന്നുകൂടി പണിക്കരെ തൊഴുതു.

മുറ്റത്തേക്കിറങ്ങിയിട്ട് കുട്ടിയപ്പൻ പറഞ്ഞു: "കള്ളിന്റെകൂടെ കുപ്പീടെ കാശുംകൂടി കൊടുത്തിട്ടുണ്ട്. വൈകിട്ട് ഷാപ്പിൽപോകുമ്പം കുപ്പി കൊടുക്കണ്ട."

പണിക്കര് ചുമച്ചുകൊണ്ട് തലയാട്ടി. ജനലിന്റെ ഉള്ളിൽനിന്നൊരു നോട്ടം തലവെട്ടിച്ചുപോയി.

സന്ധ്യയായപ്പോൾ വീടിന്റെ പടിക്കൽ കൊണ്ടുവന്ന് കുട്ടിയപ്പൻ എന്നെ ഇറക്കിവിട്ടു. ഞാൻ വീട്ടിലേക്കു കയറുമ്പോൾ ആകാശത്തിലേക്കു തിരിച്ചു കയറാനുള്ള തിടുക്കത്തിൽ വെളിച്ചം നടന്നുപോകുന്നതു കണ്ടു. പദ്മിനി വരാന്തയിൽത്തന്നെ നില്പുണ്ടായിരുന്നു.

"പോയിട്ടെന്നായി?"

തൂണിൽ ചാരി നിന്നുകൊണ്ടാണ് പത്മിനിയുടെ ചോദ്യം.

"കിട്ടിയില്ല. ബീഹാറിലേക്ക് പോകണം." ഞാൻ പതുക്കെയാണ് പറഞ്ഞത്.

"എന്നായാലും പിണ്ടത്തിന് നല്ല വെലയുള്ളതുകൊണ്ട് മൊടക്കിയ കാശ് പെട്ടെന്ന് തിരിച്ചുകിട്ടും." പദ്മിനി എന്റെ മുഖത്തേക്ക് കത്തുന്നതു പോലെ ഒന്നു നോക്കി.

"എന്റെ പദ്മിനി നീ അനാവശ്യം പറയരുത്." എന്റെ ശബ്ദം പിന്നെയും താഴ്ന്നു: "കുടമാളൂർ പള്ളീലേക്കുള്ള നേർച്ചയാ."

"എന്നാത്തിനാ നേർച്ച?" പദ്മിനിയുടെ ശബ്ദം വലിയ കാലും കൈയു മൊക്കെ വച്ച് വളരാൻ തുടങ്ങി: "പെണ്ണു കിട്ടാനോ അതോ ചെയ്ത പാപങ്ങ ളൊക്കെ തീരാനോ?"

"കുട്ടിയപ്പൻ എന്നാ ചെയ്തെന്നാ നീ ഈ പറയുന്നത്?"

"ഓ, എന്നെക്കൊണ്ടൊന്നും പറയിക്കരുത്." രണ്ട് കൈകൊണ്ടും നിലവി ളക്കിന്റെ വെളിച്ചം തല്ലിക്കെടുത്തിയിട്ട് വിളക്കുമെടുത്ത് അകത്തേക്കു പോകും


WITH LOVE ... LOLAN

IndianTerminal.com



വഴിക്കു പറഞ്ഞു: "അങ്ങേർക്ക് കാപ്പീം പലഹാരോം ഒണ്ടാക്കിക്കൊടുക്കാൻ നിർത്തീരിക്കുന്ന ഏലിയാമ്മചേച്ചി രണ്ട് ദിവസമായി നടുവും തല്ലി വീണ് കെടപ്പാ. അതിനെ വീഴ്ത്തിയതിന്റെ ശാപമൊക്കെ എവിടെക്കൊണ്ടുപോയി തീർക്കും. തന്തേം തള്ളേം ചത്തുപോയതു നന്നായി. അല്ലേല് അവരുംകൂടി ഇതെല്ലാം കാണേണ്ടിവന്നേനെ."

ഞാൻ ഒന്നും പറയാതെ എല്ലാം കേട്ടുകൊണ്ട് നേരേ കുളിമുറിയിലേക്കു കയറി. കുളിച്ചശേഷം തലമുടി ചീകി, പൗഡറുമിട്ട് പുറത്തേക്കു വന്നു.

"കുളിച്ചാലും പൗഡറിട്ടാലുമൊന്നും കള്ളിന്റെ നാറ്റം പോകത്തില്ല." പദ്മിനിയുടെ ദേഷ്യം അടുക്കളയിലെ കറിയുടെ മണത്തിനൊപ്പം വന്നു: "ബാക്കിയൊള്ളവരേക്കൂടി നാണംകെടുത്താൻ എറങ്ങിക്കോളും."

ഞാൻ വെറുതെ ഉത്തരത്തിലേക്കു നോക്കി.

ഊണു കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് നാളെ രാവിലെ ബീഹാറ് വരെ പോകണമെന്നുള്ള കാര്യം മടിച്ചുമടിച്ച് പറഞ്ഞത്. ഞാൻ പറഞ്ഞതൊന്നും കേൾക്കുന്നില്ല എന്ന മട്ടിലാണ് പദ്മിനി ചോറു കഴിച്ചുകൊണ്ടിരുന്നത്. പലതവണ പല രീതിയിൽ ബീഹാറുകാര്യം പറഞ്ഞു. പദ്മിനി കേട്ടതായിപ്പോലും ഭാവിച്ചില്ല. ഒടുവിൽ നേർച്ചയുടെ കാര്യം പല തവണ പല രീതിയിൽ പറഞ്ഞപ്പോൾ മാത്രമാണ് ഒന്ന് തലയാട്ടിയതായി തോന്നിപ്പിച്ചത്.

വെളുപ്പിനേതന്നെ കുട്ടിയപ്പൻ വന്നു. വണ്ടിയുടെ ശബ്ദം കേട്ടപ്പോൾ ത്തന്നെ പദ്മിനി ചോദിച്ചു: "ബീഹാറുവരെ ജീപ്പിലായിരിക്കും പോകുന്നതല്ലേ?"

ഞാൻ ഒന്നും പറഞ്ഞില്ല. ഒരാഴ്ചത്തേക്കുള്ള തുണിയുമെല്ലാം എടുത്തുകൊണ്ടാണ് ഇറങ്ങിയത്.

ഇന്നലെ തിടുക്കത്തിൽപ്പോയ വെട്ടം താഴേക്ക് ഇറങ്ങിവരുന്നതിനിടയിലൂടെ കുട്ടിയപ്പന്റെ വണ്ടി നീങ്ങി. എതിരേ വന്ന പത്രക്കാരൻ ബാബു കുട്ടിയപ്പൻ ചേട്ടോ എന്ന് വിളിച്ചു. ബാബുവേ എന്ന് കുട്ടിയപ്പനും വിളിച്ചു. ചുങ്കം പാലത്തിൽ കയറിയപ്പോൾ ഞാൻ കുട്ടിയപ്പനോട് ചോദിച്ചു: "നിങ്ങളെന്നാത്തിനാ ആ ഏലിയാമ്മച്ചേടത്തീടെ നടുവൊടിച്ചേ?"

കുട്ടിയപ്പൻ മീനച്ചിലാറ്റിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു: "നോക്കിക്കേ പിള്ളേച്ചാ, എന്നാ ഒഴുക്കാണന്ന്."

"ഞാൻ ചോദിച്ചതിന് സമാധാനം പറ." എനിക്ക് ദേഷ്യം വന്നു: "എന്നാത്തിനാ ആ പാവത്തിന്റെ നടുവൊടിച്ചത്?"

"എന്റെ പിള്ളേച്ചാ, ഞാൻ ഒന്നും ചെയ്തതല്ല. എല്ലാ ദിവസവും രാവിലെ ഏലിയാമ്മച്ചേച്ചി പടികേറി മുറിയിലേക്ക് വരും. വാതിലിൽ മുട്ടും. കട്ടൻചായ തരും. ഞാൻ കുടിക്കും. ഇങ്ങനെ എല്ലാ ദിവസവും ഒരുപോലെതന്നെ ഇതൊക്കെ നടന്നോണ്ടിരുന്നാൽ ആർക്കായാലും ബോറടിക്കത്തില്ലേ? അതുകൊണ്ട് ഞാൻ രണ്ടാം നെലേലെ എന്റെ മുറീടെ ജനലിന്റെയങ്ങോട്ട് ഒരു ഏണി ചാരിവെച്ചുകൊടുത്തിട്ട് ഇനി മുതൽ രാവിലെ ചായയുമായി ഇതിലേ വന്നാൽ മതി എന്നു പറഞ്ഞു. കുരുമുളക് പറിക്കാൻ കൊടിയേലൊക്കെ ചാടിച്ചാടിക്കേറുന്ന ഏലിയാമ്മച്ചേച്ചിക്ക് ഇതൊക്കെ പാടുണ്ടോ. ചുമ്മാ സുഖായിട്ട് കേറിവന്ന് ചായ തന്നോണ്ടിരുന്നതാ. കഴിഞ്ഞ ദെവസം ദേ ഇട്ടപ്പത്തോന്നും പറഞ്ഞ്



WITH LOVE ... LOLAN

IndianTerminal.com



ഒരു വീഴ്ച. ഇപ്പം നല്ല എണ്ണപ്പാത്തീൽ കെടന്ന് തിരുമ്മലോട് തിരുമ്മലാ. നടുവു നേരെയാകുന്നതുവരെ അവടെ കെടന്നോളാൻ പറഞ്ഞു. ഏലിയാമ്മച്ചേച്ചി ശമ്പളമുള്ള അവധിയിൽ പ്രവേശിച്ചിരിക്കുവല്ലേ? ഇനി അവിടന്ന് എറങ്ങിയാലും ഒരു പണീം ചെയ്യണ്ട, വെറുതെ ചീഫ് ഷെഫായിട്ട് നിന്നാ മതിയെന്നും പറഞ്ഞിരിക്കുവാ."

"എന്നാലും അത് കൊറച്ച് കടന്ന കൈയായിപ്പോയി എന്റെ കുട്ടിയപ്പാ." ഞാൻ പറഞ്ഞു.

കുട്ടിയപ്പൻ വണ്ടിചവിട്ടി നിർത്തി. സീറ്റിലൊന്ന് ഇളകി ഇരുന്നു.

"പിള്ളേച്ചനുംകൂടി അങ്ങനെ പറയരുത്. ഏലിയാമ്മച്ചേച്ചിക്ക് വീഴാൻ സമയമായീന്ന് കരുതിയാൽ മതി. ഞാനതിനുവേണ്ടി ഒരു ഏണിയങ്ങ് ചാരി വച്ചുകൊടുത്തു. അത്രേയല്ലേയുള്ളു...."

ഞാനൊന്നും പറഞ്ഞില്ല. കുട്ടിയപ്പൻ വണ്ടി സ്റ്റാർട്ടാക്കി. വണ്ടി എന്തൊക്കെയോ മുക്കിയും മൂളിയും പറഞ്ഞുകൊണ്ട് കുറച്ചുനേരം അങ്ങനെതന്നെ നിന്നു. പിന്നെ ഒന്നും മിണ്ടാതെ ഓടാൻ തുടങ്ങി.

അടിവാരത്തു ചെന്നപ്പോൾ ഒരു ചായ കുടിച്ചിട്ട് മുകളിലേക്കു കയറാം എന്ന് കുട്ടിയപ്പൻ പറഞ്ഞു. അടുത്തുകണ്ട കടയിൽനിന്ന് ചായ കുടിച്ചു. ജീപ്പിന് ഒരു കുപ്പിവെള്ളവും കൊടുത്തു. തണുത്ത കാറ്റ് ചുരമിറങ്ങി വന്ന് കൈയിൽ പിടിക്കുമെന്നൊക്കെ എനിക്കു വെറുതെ തോന്നി. അങ്ങനെ തോന്നേണ്ട കാര്യമില്ല. എന്നിട്ടും തോന്നി. പക്ഷേ, അങ്ങനെ ആരും വന്ന് കൈയിൽ പിടിച്ചില്ല. ചുരം കയറുമ്പോൾ കുട്ടിയപ്പൻ പറഞ്ഞു: "എനിക്കിവിടന്ന് താഴേക്കു മറിഞ്ഞുവീണ് ചാകണമെന്നു വല്യ ആഗ്രഹമാ. പിള്ളേച്ചനുണ്ടോ?"

ഞാൻ താഴേക്കു നോക്കി. ആ താഴ്ചയിലേക്ക് ഒന്ന് എത്തിപ്പെടാൻ നോട്ടത്തിനുതന്നെ കുറെ സമയമെടുത്തു. നോട്ടം തിരിച്ചു കയറിവന്നശേഷം ഞാൻ പറഞ്ഞു: "ആഗ്രഹമൊക്കെയുണ്ട്. പക്ഷേ, പദ്മിനി എന്നാ വിചാരിക്കും കുട്ടിയപ്പാ. ബീഹാറിലേക്കല്ലേ നമ്മളു പോയിരിക്കുന്നത്?"

എതിരേ വന്ന ഒരു വണ്ടിയെ ഇടിച്ചു ഇടിച്ചില്ല എന്ന മട്ടിൽ വെട്ടിച്ചു മാറ്റിയിട്ട് കുട്ടിയപ്പൻ പറഞ്ഞു: "പിള്ളേച്ചന്റെ ഭാര്യയ്ക്കിനി അങ്ങനെയൊരു സങ്കടം വരണ്ടാന്ന് വിചാരിച്ചിട്ടാ ദൈവം ഇപ്പം വന്ന പാണ്ടിലോറിയെ അങ്ങു മാറ്റിവിട്ടത്."

പെട്ടെന്നാണ് മൈസൂരിലേക്കുള്ള ഒരു ബസ് കടന്നുപോയത്. വണ്ടിക്കുള്ളിൽനിന്നും പുറത്തേക്കു തല നീട്ടിയിരുന്ന ഒരു കുട്ടിയെ കണ്ട് കുട്ടിയപ്പൻ നെഞ്ചിൽ കൈവച്ചു: ദൈവമേ, ആ കൊച്ചിന്റെ തല വല്ലോം പോസ്റ്റിലും ചെന്നിടിക്കും. ആ തെണ്ടി തന്തേം തള്ളേം അതിനെ നോക്കുന്നുപോലുമില്ലല്ലോ എന്ന് കുട്ടിയപ്പൻ അലറിവിളിച്ചു. ആരുമത് കേട്ടില്ല. കുട്ടിയുടെ തല അപ്പോഴും ബലൂൺപോലെ പുറത്തേക്ക് ആടിക്കൊണ്ടിരുന്നു. വണ്ടി ദൂരെ മറഞ്ഞുപോയി. കുട്ടിയപ്പൻ വണ്ടി നിർത്തിയിട്ട് കണ്ണടച്ച് എന്തൊക്കെയോ പറഞ്ഞു. അത് പ്രാർത്ഥനപോലെയൊന്നും തോന്നിയില്ല. എന്നാൽ അതൊരു തരം പ്രാർത്ഥനപോലെയും തോന്നി.

ചുരം കയറി വണ്ടി കുറച്ചുകൂടി ഓടിക്കഴിഞ്ഞപ്പോൾ പശുവുമായി വരുന്ന ഒരാളെ കണ്ട് കുട്ടിയപ്പൻ വണ്ടി നിർത്തിയിട്ട് ആനയുള്ള ദേവസ്സീടെ



WITH LOVE ... LOLAN

വീട് ചോദിച്ചു. പശു ഞങ്ങളെ നോക്കി ഒന്ന് അമറി. കുട്ടിയപ്പനും തിരിച്ച് അതുപോലെ ഒന്ന് അമറി. പശു ചിരിച്ചു. "ഓ, അതിവിടെങ്ങുമല്ല, അമ്പല വയലീന്ന് തിരിഞ്ഞുപോണം." പശുവുമായി വന്ന മനുഷ്യൻ പറഞ്ഞു.

"ചേട്ടൻ പാലായീന്നാണോ കുടിയേറിയത്?" കുട്ടിയപ്പൻ ചോദിച്ചു.

"അപ്പന്റപ്പൻ പാലായീന്നാ, വല്യമ്മച്ചി റാന്നീന്നാ." പശുവിന്റെ കയ റൊന്ന് അഴിച്ചുപിടിച്ചിട്ട് അയാൾ പറഞ്ഞു. അപ്പോ ശരിയെന്ന് പശുവിനോടും പശുവുള്ള മനുഷ്യനോടും പറഞ്ഞിട്ട് വണ്ടി അമ്പലവയലിലേക്ക് ഓടാൻ തുടങ്ങി. അവിടെ ചെന്നിട്ട് ദേവസ്സിക്കുട്ടിയുടെ വീട് കണ്ടുപിടിക്കാൻ പ്രയാ സമുണ്ടായില്ല. കാപ്പിത്തോട്ടത്തിന്റെ നടുക്ക് വലിയൊരു വീട്. കാപ്പിക്കുരു ഉണക്കാനിട്ടിട്ടുണ്ട്. അയയിൽ ഒന്നു രണ്ട് അണ്ടർവെയറും കൈയുള്ള ബനിയ നുമുണ്ട്. മുറ്റത്ത് കുരുപ്പയുണ്ട്. വണ്ടിയുടെ ശബ്ദം കേട്ടപ്പോൾ ഒരു പട്ടി തല പൊക്കിനോക്കിയിട്ട് അത് ആലോചിച്ചുകൊണ്ടിരുന്ന കാര്യത്തിലേക്കുതന്നെ തല താഴ്ത്തി. വേറെ ആരെയും കാണാനില്ല. കുട്ടിയപ്പൻ ഒന്നുരണ്ടു തവണ വണ്ടിയുടെ പീപ്പിയടിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വയസ്സായ ഒരു തള്ള ജനലു തുറന്ന് നോക്കിയിട്ട് ചോദിച്ചു: "തോമയാണോ?"

"ആ അതെ." കുട്ടിയപ്പൻ പറഞ്ഞു. ഞാൻ കുട്ടിയപ്പനെ നോക്കി.

"അച്ചനെന്നാ പറഞ്ഞെ?" ജനലിന്റെ കമ്പികൾക്കിടയിലൂടെ കണ്ണുകൾ തുറിച്ചുനോക്കിക്കൊണ്ട് അവർ ചോദിച്ചു.

"അമ്മച്ചിക്ക് ആയുസ്സും ആരോഗ്യവും ഉണ്ടാകട്ടെ എന്നു പറഞ്ഞു."

തള്ള കുരിശുവരച്ചിട്ട് ജനലടച്ചു. എനിക്ക് ദേഷ്യം വന്നു: "കുട്ടിയപ്പന വരോട് കാര്യം ചോദിക്കാൻ മേലാരുന്നോ?"

ചെരുപ്പിൽ പറ്റിയ കുരുപ്പ കാപ്പിക്കമ്പുകൊണ്ട് ഉരച്ചുകളഞ്ഞുകൊണ്ട് കുട്ടിയപ്പൻ പറഞ്ഞു: "എന്റെ പിള്ളേച്ചാ ദേവസ്സിക്കുട്ടി എവിടാന്ന് ഈ പാവ ത്തിനോട് ചോദിച്ചിട്ടൊന്നും ഒരു കാര്യോമില്ല. ആ മൊഖം കണ്ടാലറിയത്തില്ലേ, അവര് തോമയെ നോക്കിയിരിക്കുവാണെന്ന്."

ഞാൻ ചെന്ന് തള്ളയുടെ ജനലിൽ രണ്ട് തട്ടു തട്ടി. കുറച്ചു കഴിഞ്ഞ് അവർ ജനലു തുറന്നു. കൂടെ ഏങ്ങിയുള്ള ശബ്ദവും: "ആരാ തോമായാണോ?"

"അല്ല. ഞങ്ങള് കോട്ടയത്തൂന്ന് വരുവാ. ദേവസ്സിക്കുട്ടിയുണ്ടോ?" ഞാൻ ചോദിച്ചു.

ഒന്നും പറയാതെ തള്ള ജനൽ വലിച്ചടച്ചു. അതു കണ്ടില്ലെന്ന മട്ടിൽ കുട്ടി യപ്പൻ ആകാശത്തിലേക്കു നോക്കി. ഞാനും ആകാശത്തിലേക്കു നോക്കി. ദേവസ്സിക്കുട്ടി ഇനി അതുവഴിയാണ് ഇറങ്ങിവരുന്നതെങ്കിലോ!

ഒരു കുയിൽ അടുത്തുള്ള മരത്തിൽ വന്നിരുന്നപ്പോൾ കുട്ടിയപ്പൻ പറഞ്ഞു: "പണ്ടിവിടെങ്ങും കുയിലൊന്നുമില്ലായിരുന്നു പിള്ളേച്ചാ. ചൂടിന്റെ കൂടെ ഇതുങ്ങളും ഇങ്ങോട്ടു കുടിയേറിയിരിക്കുവാ."

കുറച്ചുകഴിഞ്ഞ് കുയിൽ പറന്നുപോയി. ഒരില താഴേക്ക് എന്തോ പറയുവാനായി ധൃതിപ്പെട്ട് വന്നു. ആലോചനയിൽ മുഖംവെച്ചു കിടന്നിരുന്ന പട്ടി എഴുന്നേറ്റ് ശരീരമൊന്ന് കുടഞ്ഞിട്ട് ചിന്താഭാരത്തോടെ വീടിന്റെ പിറ കിലേക്കു പോയി. ഞാൻ പഴുത്ത കാപ്പിക്കുരു ഒന്നുരണ്ടെണ്ണം പറിച്ച് വായി ലിട്ടു. പിന്നെ തുപ്പിക്കളഞ്ഞു. ഒരു അടിമയുടെ കഥ അപ്പോൾ കുട്ടിയപ്പൻ

IndianTerminal.com



പറഞ്ഞു. ഞാൻ ചോദിച്ചിട്ടല്ല. കാപ്പിക്കുരു എടുത്തു വായിലിട്ടതുകൊണ്ടാവാം. ആ കഥ ഇങ്ങനെയായിരുന്നു:

ബ്രസീലിൽനിന്നും പണ്ട് കാപ്പിയുമായിപ്പോയ ഒരു കപ്പലിലെ അടിമ കാപ്പിയുടെ മണം സഹിക്കാനാവാതെ ആരും കാണാതെ അത് അടച്ചു വെച്ചിരുന്ന പെട്ടി തുറന്ന് ഗന്ധമറിഞ്ഞതിന് കപ്പലിന്റെ ക്യാപ്റ്റൻ അവന്റെ ശരീരത്തിലെ എല്ലാ ദ്വാരങ്ങളും കാപ്പിപ്പൊടികൊണ്ട് അടച്ചു. അടിമ മരിച്ചെന്ന് ഉറപ്പായശേഷം അതു മുഴുവൻ എടുത്ത് കാപ്പിയുണ്ടാക്കി മറ്റ് അടിമകൾക്കു കൊടുത്തു. ആദ്യമായി കാപ്പിയുടെ സ്വാദറിയുന്നതിന്റെ സന്തോഷം എല്ലാ അടിമകളുടെയും മുഖത്ത് തെളിഞ്ഞു. എന്നാൽ അതിൽ പ്രായംകുറഞ്ഞ ഒരു അടിമമാത്രം കരഞ്ഞുകൊണ്ടാണ് കാപ്പി കുടിച്ചത്. കാരണം, അവന്റെ രുചിയായി ഉള്ളിലേക്കിറങ്ങിയതുമുഴുവൻ അവന്റെ അച്ഛന്റെ മരണത്തിന്റെ സ്വാദായിരുന്നു!

കുട്ടിയപ്പൻ ഇതു പറഞ്ഞുതീരുമ്പോൾ ഇതെല്ലാം ഇയാൾ എവിടന്നാണ് പെറുക്കിക്കൂട്ടിക്കൊണ്ടുവരുന്നതെന്ന് ഞാൻ അത്ഭുതപ്പെടുകയായിരുന്നു. അങ്ങനെ അത്ഭുതത്തിൽ നിൽക്കുമ്പോൾ കുട്ടിയപ്പന്റെ പിന്നിൽനിന്ന് ഒരു ചെറിയ മനുഷ്യൻ നടന്നു വരുന്നതു കണ്ടു. കൈകൾ ആരോ ഉരത്തിൽനിന്ന് മുകളിലേക്ക് വലിച്ചുകെട്ടിയതുപോലെ കുറുകിപ്പോയിരിക്കുന്നു. വന്നയാൾ ഞങ്ങൾ രണ്ടുപേരെയും നോക്കി.

"കോട്ടയത്തുനിന്നാ." കുട്ടിയപ്പൻ പറഞ്ഞു.

"വാ." അയാൾ പറഞ്ഞു.

കാപ്പിത്തോട്ടത്തിലൂടെ നടന്നുനടന്ന് ഞങ്ങൾ പോയി. മുന്നിൽ അയാൾ. പിന്നിൽ ഞങ്ങൾ. ഇതാണോ ദേവസ്സിക്കുട്ടിയെന്ന് ഞാൻ രഹസ്യമായി കുട്ടിയപ്പനോട് ചോദിച്ചു. "ആവാം. അല്ലാതെയുമിരിക്കാം. രണ്ടായാലും കുഴപ്പമില്ല." കുട്ടിയപ്പൻ പറഞ്ഞു.

ഇടയ്ക്ക് കാപ്പിപൂത്ത മണം ചില കാട്ടുമൃഗങ്ങളെപ്പോലെ ചാടി വരുന്നുണ്ടെന്ന് എനിക്കു തോന്നി. അപ്പോഴെല്ലാം അടിമയെയും അയാളുടെ മകനെയും ഓർമ വന്നു. അതുകൊണ്ട് ഞാൻ കാപ്പിമണത്തിനു നേരേ മൂക്കടച്ചു. പോ മണമേ എന്ന് സാത്താനെ ആട്ടിയകറ്റുംപോലെ മനസ്സുകൊണ്ട് പറഞ്ഞുകൊണ്ടുമിരുന്നു. നടന്നുനടന്നു ചെന്നത് പനമ്പുകൊണ്ട് മറച്ച ഒരു മാടത്തിലാണ്. ഒരാൾ അതിനകത്തുനിന്ന് നോക്കി. അയാൾതന്നെ ഒരു പായ കൊണ്ടുവന്ന് വിരിച്ചുതന്നു. ഞങ്ങൾ ഇരുന്നു. കുട്ടിയപ്പൻ പണിക്കരുടെ കാര്യം പറഞ്ഞു. ചെറിയ മനുഷ്യൻ തലയാട്ടി. വന്നകാര്യം എന്താണെന്ന് ചോദിച്ചു. വന്ന കാര്യം കുട്ടിയപ്പൻ പറഞ്ഞു. ചെറിയ മനുഷ്യൻ കുറച്ചുനേരം ഒന്നും മിണ്ടാതെയിരുന്നിട്ട് വായുവിൽ എന്തൊക്കെയോ എഴുതിക്കൂട്ടി. അയാൾ എഴുതുന്നതെല്ലാം കുട്ടിയപ്പൻ വായിക്കുന്നുമുണ്ടായിരുന്നു. എഴുത്തു കഴിഞ്ഞശേഷം അയാൾ പറഞ്ഞു: 'ഈ തോട്ടത്തിന്റെ തെക്കേ അറ്റത്ത് നാളെ രാത്രി പത്തിനുശേഷം വരാം. അതല്ല, നാളെയില്ലെങ്കിൽ ഈയാഴ്ച എപ്പോ വേണമെങ്കിലും വരാം. രാത്രി പത്തിനുശേഷം മാത്രം. ഒരു മണിക്കൂറിന് ഒരു ലക്ഷം രൂപ." കുട്ടിയപ്പൻ സമ്മതിച്ചു.



WITH LOVE ... LOLAN

IndianTerminal.com



തിരിച്ച് കാപ്പിച്ചെടികൾക്കിടയിലൂടെ അയാൾ മുന്നിലും ഞങ്ങൾ പിന്നിലുമായി നടന്നു. വീട്ടുമുറ്റത്ത് എത്തിയപ്പോൾ എന്നാൽ ശരി എന്ന് അയാൾ തലയാട്ടി. അപ്പോൾ ജനാല തുറന്ന് തള്ള പുറത്തേക്കു നോക്കുന്നതു കണ്ടു. ചെറിയ മനുഷ്യനോട് ഞാൻ ചോദിച്ചു: "അത് അമ്മയാണോ?"

അയാൾ എന്നെ നോക്കിയില്ല, പകരം കുട്ടിയപ്പനെയാണ് നോക്കിയത്. വണ്ടിയിൽക്കേറ് പിള്ളേച്ചായെന്ന് കുട്ടിയപ്പൻ അടക്കം പറഞ്ഞു. വണ്ടിക്ക് പിന്നാലെ കാപ്പിയുടെ മണം ഓടിവരുന്നതുപോലെ തോന്നിയതുകൊണ്ട് ഞാൻ കുട്ടിയപ്പനോട് വണ്ടി വേഗത്തിൽ വിട്ടോ എന്ന് പറഞ്ഞു.

വയനാട്ടിൽനിന്ന് ഒറ്റയിരുപ്പിനാണ് വണ്ടി ഓടിച്ചത്. വെളുക്കുവാൻ തുടങ്ങിയപ്പോൾ കോട്ടയത്തെത്തി. ഗാന്ധിപ്രതിമയ്ക്കു മുന്നിൽ വണ്ടി നിർത്തിയിട്ട് കുട്ടിയപ്പൻ ഗാന്ധിയെയും തിരുനക്കരയപ്പനെയും ഒന്നിച്ച് തൊഴുതു.

"കുട്ടിയപ്പോ ഇനി വീട്ടിൽക്കേറിയാൽപ്പിന്നെ എനിക്ക് പൊറത്തിറങ്ങാൻ പറ്റത്തില്ല. ഒന്നുകിൽ ഞാനിവിടന്ന് അങ്ങ് പിരിയാം. അല്ലെങ്കിൽ എവിടെയെങ്കിലും മുറിയെടുത്ത് ഒളിച്ചിരിക്കണം.'

കുട്ടിയപ്പൻ ഉറക്കെ ഒന്ന് കോട്ടുവായിട്ട് പറഞ്ഞു: "പിള്ളേച്ചാ, അശോകേല് മുറിയെടുത്ത് ഒന്ന് ഒറങ്ങീട്ട് ഉച്ചയാകുമ്പം കൊമരകത്തിന് പോകാം. അവിടന്ന് പെങ്കൊച്ചിനേം കേറ്റി നേരേ വയനാടിന് വിടാം."

അതു കേട്ടപ്പോൾ ഞാനൊന്ന് ഞെട്ടി: "ഈ വണ്ടീൽത്തന്നെ വേണോ കുട്ടിയപ്പാ?"

"അതിനിപ്പമെന്നാ പിള്ളേച്ചാ, കൂട്ടത്തിൽ നമ്മുടെ ഉഷേം കാണത്തില്ലേ, പിന്നെന്നാ?"

അശോകയിൽ മുറിയെടുത്തു. കുട്ടിയപ്പന്റെ കൂർക്കം മുറിയിലെ ഫാനിന്റെ ശബ്ദത്തോടും പുറത്തെ വണ്ടികളുടെ ശബ്ദങ്ങളോടും മത്സരിച്ചു. ഞാൻ തിരിഞ്ഞുംമറിഞ്ഞും കിടന്നു.

ഉച്ച കഴിഞ്ഞപ്പോൾ കുമരകത്തെത്തി. ഉഷയുടെ വീട്ടിലേക്ക് വള്ളത്തിൽ പോകണം. വള്ളത്തിൽ കയറുംമുമ്പുതന്നെ എനിക്ക് നീന്തലറിയില്ലെന്ന് ഞാൻ കുട്ടിയപ്പനോട് പറഞ്ഞു. ചത്താല് ഞാൻ മാന്യമായി അടക്കിക്കോളാം പിള്ളേച്ചാ എന്ന് കുട്ടിയപ്പൻ സമാധാനിപ്പിച്ചു. നമ്മള് ബീഹാറിലല്ലേ കുട്ടിയപ്പാ, പദ്മിനി എന്തു വിചാരിക്കുമെന്ന് ഞാൻ സങ്കടത്തോടെ ചോദിച്ചപ്പോൾ എന്നാൽ വള്ളം മറിയാതിരിക്കാനായി മുട്ടിപ്പായി പ്രാർത്ഥിച്ചേക്കാമെന്ന് കുട്ടിയപ്പൻ പറയുകയും വള്ളമൊന്ന് ആടിത്തിരിഞ്ഞ് നേരെയായി. നമ്മൾ പറഞ്ഞത് ദൈവംകേട്ടതുകണ്ടോ എന്നുംപറഞ്ഞ് രണ്ട് കൈകൊണ്ടും വെള്ളമൊന്ന് കോരിയെറിഞ്ഞു. തുഴക്കാരൻ ആഴത്തിലേക്ക് തുഴയൂന്നി വലിച്ചു.

ഉഷയുടെ വീട്ടിലേക്കുള്ള ചിറയിലൂടെ നടക്കുന്നതിനിടയിൽ പെട്ടെന്ന് എന്നെ വട്ടം പിടിച്ചു നിർത്തിയിട്ട് കുട്ടിയപ്പൻ കണ്ടത്തിലേക്ക് കൈചൂണ്ടി. പുല്ലുകൾക്കിടയിൽ ഒന്നുമറിയാതൊരാൾ! ഞാൻ കണ്ണുകൊണ്ട് ആരാണെന്ന് ചോദിച്ചു. കുട്ടിയപ്പൻ ചെവിയിൽ എലികരളുംപോലെ പറഞ്ഞു: മഴക്കൊച്ച. ഞാനൊന്നുകൂടി കാണാൻ കണ്ണെത്തിച്ചപ്പോൾ ആളെ കാണാനില്ല. "കണ്ടത്തിലെ കൺകെട്ടുവിദ്യക്കാരനാ." കുട്ടിയപ്പൻ പറഞ്ഞു: പണ്ട്



WITH LOVE ... LOLAN

IndianTerminal.com



അമേരിക്കക്കാരെ വിയറ്റ്നാംകാര് ഇങ്ങനെ ഒളിച്ചിരുന്നാ ഊമ്പിച്ചത്. ഞാൻ കുട്ടിയപ്പന്റെ മുഖത്തുനിന്ന് ചാടിവരുന്ന ചരിത്രത്തിലേക്ക് നോക്കി നിൽക്കുകയും പടപടാന്ന് ശബ്ദത്തിൽ മുന്നിലെ പൊന്തകൾക്കിടയിൽനിന്ന് കുറെ മുണ്ടികൾ ആകാശത്തിലേക്കു പറന്നുപൊങ്ങി. കുട്ടിയപ്പൻ അവർക്കു നേരേ കൈവീശി. അവരിലൊരാൾ തിരിച്ചും കൈവീശി. ഞാൻ ചോദിച്ചു: “വിയറ്റ്നാം കാരാണോ?”

“ഇവിടെവിടെയാ കുട്ടിയപ്പാ വിയറ്റ്നാംകാർ? ഇവിടെ മുഴുവൻ ചീന, റഷ്യ, ഭായി ഭായി അല്ലായിരുന്നോ?”

പോകുന്ന വഴിയിൽ ഒരു വീടിന്റെ മുന്നിൽ കപ്പ ഉണക്കാൻ വച്ചിരിക്കുന്ന ചിക്കുപായുടെ തലയ്ക്കൽ കീറിപ്പോയ ഒരു ചുവന്നകൊടി കുത്തിവെച്ചിരിക്കുന്നതു കണ്ടു. കൊടിയെപ്പേടിക്കാതെ കാക്കകൾ അതിനുചുറ്റും നടപ്പുണ്ടായിരുന്നു.

“ഉഷേടെ വീട്ടിലേക്കായിരിക്കും, അല്ലേ?” എതിരേ വന്ന ഒരു വയസ്സൻ ചോദിച്ചു.

ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ എന്ന് കുട്ടിയപ്പൻ മറുപടി പറഞ്ഞു. അയാൾക്ക് ഒന്നും മനസ്സിലായില്ലെങ്കിലും ഒന്ന് അമർത്തിച്ചിരിച്ചു. നടക്കുന്നതിനിടയിൽ ഞാൻ ഒന്നുരണ്ടു തവണ അയാളെ തിരിഞ്ഞുനോക്കി. അപ്പോഴെല്ലാം അയാളും തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു.

ചിറയിലെ രണ്ടുമൂന്ന് തെങ്ങിന് ഇപ്പുറത്തുനിന്നുതന്നെ ഉഷേ എന്നു വിളിച്ചുകൊണ്ടാണ് കുട്ടിയപ്പൻ നടന്നത്. ഉഷയുടെ വീടെന്നു പറഞ്ഞാൽ വീടെന്നൊന്നും അതിനെ പറയുവാൻ കഴിയില്ല. ആസ്ബസ്റ്റോസും ഓലയുമെല്ലാം മേൽക്കൂരയിൽ പാകി, വീഞ്ഞപ്പലകകൾകൊണ്ട് ചുറ്റടിച്ച ഒരു വലിയ മറ. അതിനു പിന്നിലേക്കാണ് ചിറ ചെല്ലുന്നത്. ഒറ്റാലും കുറെ ചട്ടികളും അടുക്കളയിലെ വെള്ളം വീണ് നനഞ്ഞ മണ്ണിൽ കുത്തിയിരിപ്പുണ്ട്. ഒരു പൂച്ച അരകല്ലിലിരുന്ന് കൈനക്കിത്തുടയ്ക്കുന്നു. റേഡിയോയിൽനിന്ന് പാട്ടും ഇടയ്ക്ക് പൊട്ടിത്തെറികളും കേൾക്കാം. കുട്ടിയപ്പൻ ഒന്നുകൂടി ഉഷേ എന്ന് നീട്ടി വിളിച്ചു. പെട്ടെന്ന് റേഡിയോയുടെ മിണ്ടാട്ടം നിന്നു. അടുക്കളപ്പുറത്തേക്ക് ഒരു സ്ത്രീ ചാടിയിറങ്ങിവന്നു. കുട്ടിയപ്പന്റെ മുഖം കണ്ടതും ആ കറുത്ത മുഖമങ്ങ് വിടർന്നുവരുന്നതു ഞാൻ കണ്ടു. എന്റെ ദൈവമേ, ഇതാരാ എന്നും പറഞ്ഞ് നാണംകൊണ്ട് അവർ ചുവന്നുപോയി. അത്ഭുതപ്പെട്ടങ്ങനെ നിന്നശേഷം ഇവിടെ നിൽക്കാതെ മുന്നിലോട്ട് വന്നേ എന്നും പറഞ്ഞ് ഞങ്ങളെക്കൂട്ടി നടക്കുന്നതിനിടയിൽ അരകല്ലിൽനിന്നും വട്ടം ചാടിയ പൂച്ചയ്ക്കിട്ട് നശിച്ച പൂച്ച എന്ന് പറഞ്ഞുകൊണ്ട് ഉഷ ഒരു തൊഴി കൊടുത്തു.

ചെറുതായി കുണുങ്ങുന്ന ഒരു ബെഞ്ചിലാണ് ഞങ്ങൾ ഇരുന്നത്. സാറേ, എന്നാ വേണ്ടേ, കാപ്പി വേണോ, അതോ ഇപ്പം ദേ ഒന്ന് ഓടിപ്പോയാൽ നല്ല അന്തി കിട്ടും. എന്നാ വേണ്ടേന്ന് പറ എന്നും പറഞ്ഞ് ഉഷ നിൽക്കുകയാണ്. ഒന്നും വേണ്ട എന്റെ ഉഷേ. നീയൊന്ന് അടങ്ങിനിൽക്ക് എന്നും പറഞ്ഞ് കുട്ടിയപ്പൻ ഉഷയെ ഒന്നു നോക്കി. ആ നോട്ടം ഉഷയെ വീണ്ടും ചുവപ്പിച്ചു.

“ദാമോദരൻ എന്തിയേ?” കുട്ടിയപ്പൻ ചോദിച്ചു.



WITH LOVE ... LOLAN

IndianTerminal.com



ചുവപ്പിൽനിന്നു പുറത്തുവരാതെ ഉഷ അങ്ങനെതന്നെ നിന്നു പറഞ്ഞു: “ദേ, ഇപ്പം അങ്ങോട്ട് എറങ്ങീതാ, ഒന്നുകിൽ ഷാപ്പീക്കാണും. ഇല്ലേല് പാർട്ടി ആപ്പീസിക്കാണും. വേറെങ്ങും പോവത്തില്ല. കാണണോ?”

ഏയ് വെറുതെ ചോദിച്ചതാ എന്നു പറഞ്ഞിട്ട് കുട്ടിയപ്പൻ കാര്യത്തി ലേക്ക് വന്നു: “രണ്ട് ദെവസത്തേക്ക് വയനാടുവരെ കൊണ്ടുപോകാൻ നല്ല കൊച്ചുങ്ങള് വല്ലതും നിന്റെ കൈയിലുണ്ടോ?”

ഉഷയുടെ മുഖത്തെ പ്രകാശം കെട്ടുപോയി. “എന്റെ സാറേ, തുണിക്ക ടേല് നിൽക്കുന്ന ഒന്നുരണ്ടെണ്ണം ഉണ്ട്. പക്ഷേ, വൈകിട്ടത്തേക്ക് വീട്ടിൽ കേറ്റണം. ഇല്ലേല് പ്രശ്നമാ. ഇവിടം വിട്ട് എങ്ങും വരത്തില്ല.”

ഒരു കാക്ക മുറ്റത്തു വന്ന് കരഞ്ഞിട്ട് പോയി. ഞാൻ കുട്ടിയപ്പനെയും ഉഷയെയും മാറിമാറി നോക്കി. രണ്ടുപേരും എന്തോ ചിന്തിക്കുകയാണ്. ഒടു വിൽ ഉഷതന്നെ ചിന്ത അവസാനിപ്പിച്ചു: “ഞാൻ വന്നാൽ മതിയോ?”

കുട്ടിയപ്പൻ ബെഞ്ചിലൊന്ന് ആടിയിരുന്നിട്ട് പറഞ്ഞു: “എന്റെ ഉഷേ, ഇത് നല്ല കൊച്ചു പെമ്പിള്ളേര് വേണ്ട ഏർപ്പാടാ.”

“സാറിന്റെ ഏർപ്പാടല്ലേ. ഹോ എനിക്കറിയാവുന്നതല്ലേ.” ഉഷ എന്റെ നേർക്ക് തിരിഞ്ഞു: “പണ്ടൊരിക്കൽ ഈ കുട്ടിയപ്പൻ സാറ് എന്നെ ഒന്ന് കൊണ്ടുപോയതാ. ഞാനാണേല് അന്ന് ഫീൽഡിലേക്ക് എറങ്ങുന്ന സമയാ. എന്നിട്ട് എന്നാ ചെയ്തതെന്നറിയാവോ! എന്റെ മേലു മുഴുവൻ എണ്ണ തേപ്പി ച്ചിട്ട് ഒരു ടേപ്പിറിക്കാട്ടറിൽ പാട്ടങ്ങോട്ട് ഇട്ടു. എന്നിട്ട് എന്നോടു പറയുവാ, ഡാൻസ് ചെയ്തോളാൻ. തുണിയൊന്നുമില്ലാതയേ. ഹോ, എനിക്കിപ്പളും അതോർക്കാൻ വയ്യ. പത്തുപേരുടെ കൂടെ കെടക്കാം. പക്ഷേ, ആ പണി! എന്റമ്മോ, കൊറച്ച് കടന്ന കൈയായിപ്പോയി. എന്നിട്ട് പോരാൻ നേരത്ത് നെറ്റീലൊരു ഉമ്മേം.”

ഇതു കേട്ടതും കുട്ടിയപ്പൻ ഉറക്കെയങ്ങ് ചിരിച്ചു. ആ ചിരി വിടർന്നു കിടക്കുന്ന വയലിനു മുകളിലൂടെ പറന്ന് അടുത്തുള്ള ഒരു തെങ്ങിന്റെ മുക ളിൽപ്പോയി ഒരു കവളൻകാളിക്കൊപ്പം ഇരുന്നു.

“ഇനി എന്നാ ചെയ്യും?” ഉഷ കൊണ്ടുവന്ന കാപ്പി ഊതിക്കുടിച്ചുകൊണ്ട് കുട്ടിയപ്പൻ ചോദിച്ചു.

“ദാസപ്പാപ്പിയെ ഒന്ന് കണ്ടു നോക്ക്. കൊറച്ചെണ്ണം കൈയില് വന്നിട്ടൊ ണ്ടെന്നാ കേട്ടത്.” ഉഷ പറഞ്ഞു.

കുട്ടിയപ്പൻ കാപ്പി ഊതിയൂതി ഇരുന്നു. ഇറങ്ങാൻ നേരത്ത് ഉഷ ഒരു പ്ലാസ്റ്റിക് കവറില് മീൻ കറികൊണ്ടുവന്ന് തന്നു. “വാളത്തലയാ, പോകുന്ന വഴി തൊട്ടുകൂട്ടാം.” ഞാൻ ഉഷയെ നോക്കി. കുട്ടിയപ്പൻ കൊടുത്ത ഉമ്മ ഇപ്പോഴും ആ നെറ്റിയിൽനിന്ന് മറഞ്ഞുപോവാതെ കിടപ്പുണ്ടെന്ന് എനിക്ക് തോന്നി.

ഉഷ കുറച്ചുദൂരം കൂടെ വന്നു. കൃഷിയില്ലാതെ തരിശുകിടക്കുന്ന കണ്ടം നോക്കിയിട്ട് ഞാൻ ഉഷയോട് ചോദിച്ചു: “ഇവിടെ ആരും കൃഷി ചെയ്യു ന്നില്ലേ?”

ഉഷയുടെ മറുപടി കുട്ടിയപ്പനോടായിരുന്നു: “ഈ സാറ് പത്രമൊന്നും വായിക്കത്തില്ലേ?”



WITH LOVE ... LOLAN

IndianTerminal.com



ഉഷയുടെ വാളമീൻ തലയുടെ എരിവ് കോട്ടയത്തെത്തിയിട്ടും നാവിൽ തിളച്ചുകൊണ്ടിരുന്നു. റെയിൽവേപാലത്തിനു മുകളിൽ വണ്ടിയിട്ടിട്ട് കുട്ടിയപ്പൻ എന്നോട് അവിടെത്തന്നെ ഇരുന്നാൽ മതിയെന്നു പറഞ്ഞിട്ട് കട്ടിങ്ങു വഴി ഇറങ്ങി എങ്ങോട്ടോ പോയി. ഒന്നുരണ്ട് തീവണ്ടികൾ തെക്കോട്ടും വടക്കോട്ടും പോകുന്നതും കണ്ടുകൊണ്ട് ഞാൻ ഇരുന്നു. ഇടയ്ക്ക് ഒരാൾ വന്ന് എന്നാ ഇവിടെ ഇരിക്കുന്നതെന്ന് ചോദിച്ചപ്പോൾ വെറുതെ ഇരിക്കുകയാണെന്ന് പറഞ്ഞു. മരുന്നി[1]നാണ് വന്നതെങ്കിൽ പോലീസ് വരുന്നതിനു മുമ്പ് വടി[2]യായിക്കോന്ന് പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല. മനസ്സിലാവാത്ത കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരുന്നതിനിടയിൽ കുട്ടിയപ്പൻ ധൃതിപിടിച്ചു വന്നു. പെട്ടെന്നു വണ്ടി സ്റ്റാർട്ടാക്കി. ഈ വണ്ടിക്ക് ഇത്ര സ്പീഡോ എന്ന് ചിന്തിച്ചുപോയി. പോകുന്നവഴിക്ക് കുട്ടിയപ്പൻ പറഞ്ഞു. ദാസപ്പാപ്പീടെ വീടിന്റെയപ്പുറത്ത് കിറുക്കന്മാര്[3] കേറി. രണ്ട് കിലോ ജയിംസ്[4] പൊക്കി. പറഞ്ഞു തീരും മുമ്പ് വണ്ടി തിരുനക്കരമൈതാനത്ത് എത്തി. മീൻ കഴിച്ചതുകൊണ്ട് ഞാൻ അമ്പലത്തിൽ കയറുന്നില്ലെന്ന് കുട്ടിയപ്പനോട് പറഞ്ഞു. അതിനിപ്പം ആരാ അമ്പലത്തിൽ കയറുന്നേ. ആ ദാസാപ്പാപ്പി നടേലുണ്ടോന്ന് നോക്കാനാ പിള്ളേച്ചാ എന്നും പറഞ്ഞ് കുട്ടിയപ്പൻ എന്റെ കൈയും പിടിച്ച് നടന്നു. അമ്പലനട കയറുമ്പോൾ ഗുഹയിൽനിന്ന് ഇറങ്ങിവരുംപോലുള്ള ശബ്ദം:

കാട്ടിലുള്ള
പച്ചിലകൾ
നാട്ടിൽ വരുത്തീ
ചിലർ
കാട്ടിക്കൂട്ടും
കോപ്രായങ്ങൾ
കണ്ടുപോകണേ
നിങ്ങൾ
കേട്ടുപോകണേ
നിങ്ങൾ...

നടയുടെ ഇരുട്ടിലിരുന്ന് ചാറ്റർജി മുഖർജിയാണ് പാടുന്നത്. ചാറ്റർജി മുഖർജി വൈക്കംകാരനാണ്. വർഷങ്ങളായി അമ്പലനടയും തിരുനക്കരയപ്പനുമായി ഇവിടെത്തന്നെയാണ് ജീവിതം. ആകെ സ്വത്തായിട്ടുണ്ടായിരുന്ന ഹിന്ദി ഡിക്ഷ്ണറി തിരുനക്കരയപ്പന് കൊടുത്തു. പണ്ട്, അടിയന്തരാവസ്ഥക്കാലത്ത് ആനന്ദ് ഹോട്ടലിനു മുന്നിലെ പൂവരശിന്റെ മുകളിൽക്കയറിയിരുന്ന് താഴെക്കൂടെ നടന്നുപോയ പോലീസുകാരനോട് ഞാനാണ് വെള്ളത്തൂവൽ സ്റ്റീഫൻ എന്നു വിളിച്ചുപറഞ്ഞതിന്റെ ചുമയും വേദനയും ഇന്നും ചാറ്റർജിയുടെ നടുവിലൂടെ ഇടയ്ക്കിടെ തലപൊക്കി നോക്കും. രാവിലെ മുതൽ

1, 4 കഞ്ചാവിന് കോട്ടയത്തു പറയുന്നത്
2 സ്ഥലം വിട്ടോ എന്നതിനുള്ള കോഡ്
3 പോലീസിനെ കളിയാക്കിപ്പറയുന്നത്



With Love ... LOLAN

IndianTerminal.com



കൈലാസനാഥനെ സ്മരിച്ചുകൊണ്ട് പുകയെടുത്ത് ഇരിക്കും. വലിച്ചുകൊണ്ടിരുന്ന ബീഡികൊടുത്താണ് കുട്ടിയപ്പനെ ചാറ്റർജി സ്വീകരിച്ചത്.

"അലക് ശംഭോ മഹാദേവ്" എന്ന് ഭക്തിപുരസ്സരം വിളിച്ച് കുട്ടിയപ്പൻ പുക ഇരുത്തി വലിച്ചു. എന്നിട്ട് മെല്ലെ പുറത്തേക്ക് ഒഴുക്കി. ഇരുട്ടിന്റെ ചുമലിലേക്ക് അത് ഏന്തിപ്പിടിച്ച് കയറിപ്പോയി. ചാറ്റർജി ബീഡിയുടെ അരഞ്ഞാണമഴിച്ച് അടുത്ത ഒന്നിനുവേണ്ടി ഉള്ളംകൈകളിൽ തിരുമ്മിത്തുടങ്ങി.

ദീപാരാധന കഴിഞ്ഞ് നെറ്റി നിറയെ ഭസ്മവും പൂശി രണ്ട് ചെവിക്കുമിടയിൽ കുറെ പൂക്കളും തിരുകിയാണ് ദാസപ്പാപ്പി വന്നത്. കുട്ടിയപ്പനെ കണ്ടപാടേ കെട്ടിപ്പിടിച്ചു. ദേ, ഇപ്പക്കൂടി തിരുനക്കരയപ്പനോട് പ്രാർത്ഥിച്ചതേയുള്ളൂ കുട്ടിയപ്പൻ സാറ് സുഖമായിരിക്കണേ എന്ന് ദാസപ്പാപ്പി പറയുകയും ആ മുഴുത്ത നുണ വന്ന് മുഖത്തടിച്ചതിന്റെ നാറ്റത്തിൽ കുട്ടിയപ്പൻ ഒന്ന് പിന്നോട്ട് ആഞ്ഞു. അമ്പലക്കാള ഞങ്ങളുടെയടുത്ത് വന്നു നോക്കി. കുട്ടിയപ്പൻ കാളയുടെ നെറ്റിയിൽ തലോടി. ഞാൻ വന്നതുകൊണ്ട് നിങ്ങൾ വർത്തമാനം നിർത്തണ്ട എന്ന ഭാവത്തിൽ അത് അവിടെ നിൽക്കാതെ പോവുകയും ചെയ്തു. കാള പോയിക്കഴിഞ്ഞപ്പോൾ, പുതിയ കക്ഷികള് വല്ലതും കൈയിലുണ്ടോ എന്ന് കുട്ടിയപ്പൻ ദാസപ്പാപ്പിയോട് ചോദിച്ചു. അതു കേട്ടതും ദാസപ്പാപ്പി തിരിഞ്ഞ് തിരുനക്കരയപ്പനെ നോക്കി, സത്യമായിട്ടും ഇല്ല സാറേ, ഒന്നുപോലുമില്ലെന്ന് ആണയിട്ടു. സാറ് പണ്ടു കൊണ്ടുപോയ ബിന്ദുവില്ലേ അവള് കഴിഞ്ഞയാഴ്ച ആരാണ്ടടെ കൊച്ചിനേ നോക്കാനാന്നും പറഞ്ഞ് പേർഷ്യയ്ക്കു പോയി. അവളൊണ്ടാരുന്നേൽ അവളെത്തരാരുന്നു. എന്നായാലും സാറിനെ അവൾക്ക് ഭയങ്കര ഇഷ്ടാരുന്നു. ആദ്യം സാറിന്റെ കൈയിലാ അവളെ കൊണ്ടുപോയിക്കൊടുക്കുന്നതെന്ന് എന്നോടാണ് ദാസപ്പാപ്പി പറഞ്ഞത്. ഈ സാറാണേല് മൂക്കിൽ പഞ്ഞീംവെച്ച് സാമ്പ്രാണീം വെളക്കുമൊക്കെ കത്തിച്ചുവച്ചിട്ട് നിലത്തു വിരിച്ച പായിൽ വെള്ളത്തുണിയും പുതച്ച് ഒറ്റക്കിടപ്പ്. എന്നിട്ട് അവളോടു പറയുവാ, നിന്റെ അച്ഛനാണ് ഈ ചത്തുകിടക്കുന്നതെന്നുവെച്ച് കരഞ്ഞോളാൻ. ഹോ, അന്ന് അവള് പറഞ്ഞത് എന്റെ ദാസപ്പാപ്പീ, കുറെനേരം ഞാൻ മിണ്ടാതൊക്കെ ഇരുന്നു. പിന്നെ, അങ്ങേരെ നോക്കിയിരുന്നപ്പം ഒരു അപ്പനോട് തോന്നിയ ഇഷ്ടമൊക്കെ വന്നു. ഞാനങ്ങ് കരയാനും തുടങ്ങി. ഒടുവില് എനിക്ക് കരച്ചിലെങ്ങനെ നിർത്തണമെന്ന് അറിയാൻ വയ്യാതായിപ്പോയി. പിന്നെ അങ്ങേര് എഴുന്നേറ്റ് വന്ന് കണ്ണൊക്കെ തൊടച്ചു തന്നിട്ട് കൊറേ കാശും തന്ന് ഒരു ചൂട് കാപ്പീം അനത്തിത്തന്ന് കുടിപ്പിച്ചിട്ടാ വിട്ടത്. ഇതൊക്കെ പറയുമ്പം ഇപ്പളും അവളുടെ കണ്ണ് നെറയുമായിരുന്നു സാറേ. ഇതു കേട്ടതും കുട്ടിയപ്പൻ ഒന്നുറക്കെ ചിരിച്ചു. താഴെ, വഴിയിൽക്കൂടിപ്പോയ ഒന്നുരണ്ട് ഓട്ടോറിക്ഷകൾ ഈ ശബ്ദംകേട്ട് തിരിഞ്ഞു നോക്കുകപോലും ചെയ്തു.

"ഇനി എന്നാ ചെയ്യും?" കുട്ടിയപ്പൻ ചോദിച്ചു.

ദാസപ്പാപ്പി കുറച്ചുനേരം ആലോചിച്ചിട്ട് പറഞ്ഞു: "ആർപ്പൂക്കരക്കാരൻ ഒരാള് ഇപ്പോ കുറ്റിപ്പുറത്തുണ്ട്. ഒന്നുരണ്ട് മാസമേ ആയിട്ടുള്ളൂ അങ്ങോട്ട് പോയിട്ട്. അയാളുടെ ഒരു മകളൊണ്ട് പതിനാറ് വയസ്സേയുള്ളൂ. ചെലപ്പം കിട്ടിയേക്കും."


WITH LOVE ... LOLAN

IndianTerminal.com



ഓ അതൊക്കെ വെല്യ പാടല്ലേ ദാസപ്പാപ്പി എന്ന് കുട്ടിയപ്പൻ സംശയിച്ച പ്പോൾ ഏയ് വെല്യ പാടൊന്നുമില്ലെന്ന് പറഞ്ഞ് ദാസപ്പാപ്പി ആശ്വസിപ്പിച്ചു: "ഈ തന്തതന്നെ കൊച്ചിനെ ഗർഭിണിയാക്കി. അന്നത് അലസിപ്പിച്ചത് നമ്മടെ ഒരു ഡോക്ടറാ. നാട്ടുകാർ ഇതൊക്കെ മണംപിടിച്ചു വന്നപ്പോഴേക്ക് പുള്ളിക്കാരൻ സ്ഥലം വിറ്റ് പോയതാ. സ്ഥലത്തിന്റെ എടപാടൊക്കെ ഞാൻ തന്നെയാ നടത്തിക്കൊടുത്തത്. കൊച്ചിനെ അത്യാവശ്യം ഓടാൻ വിടാൻ അയാൾക്കൊരു പ്ലാനുണ്ടെന്ന് എനിക്ക് തോന്നിയിട്ടൊണ്ട്. ഒന്നു മുട്ടിനോക്ക്. ഞാൻ പറഞ്ഞിട്ടാ വരുന്നേന്നങ്ങ് പറഞ്ഞാൽ മതി."

എനിക്ക് ചെറുതായിട്ട് പേടി തോന്നി. ഞാൻ കുട്ടിയപ്പനെ മാറ്റിനിർത്തി ഇതു വേണോ എന്നു ചോദിച്ചു. കുട്ടിയപ്പൻ ഒന്നും പറയാതെ എന്നെ നോക്കി യിട്ട് ചാറ്റർജി മുഖർജിയുടെ അടുത്തേക്കു ചെന്ന് ഒരു പുകകൂടി എടുത്തിട്ട് 'ജൊ വാദാ കിയാ' എന്ന രണ്ടു വരി പാടി. അപ്പോൾ അടുത്തിരുന്നയാൾ പറയു ന്നതു കേട്ടു: "എന്റെ ആശാനെ, ഇതിനെടേൽക്കൂടി ലതേടെ ഒരു വരവുണ്ട്. ഹോ എന്നാ വരവാ അത്!"

ആനന്ദമന്ദിരത്തിന്റെ മുന്നിൽവെച്ചാണ് കുട്ടിയപ്പന്റെ നാവിൽനിന്ന് ലത യുടെ ആ വരവ് വന്നത്: "യേ മാനാഹമേ ജാൻസേ ജാനാ പഡേഗാ."

ഇരുവശവും 'ന' എന്ന് ആരോ എഴുതിപ്പഠിപ്പിച്ചതുപോലെയുള്ള കുറ്റി പ്പുറം പാലത്തിനു മുകളിലൂടെ പോകുമ്പോൾ താഴെ തുണിയില്ലാതെ കിടക്കു ന്നതാരാന്ന് നോക്കിക്കേ എന്ന് കുട്ടിയപ്പൻ പറഞ്ഞു. മണലുകൊണ്ടെഴുതിയ വലിയ ഒരു ശരീരമങ്ങനെ നീണ്ടുനിവർന്നു കിടക്കുന്നു. ഓ, ഇതിലും ഭേദം നമ്മുടെ മീനച്ചിലാറുതന്നെയാണെന്ന് ഞാൻ പറഞ്ഞത് പാലത്തിനടിയിലേക്ക് ഇറങ്ങിപ്പോയി. പതുക്കെപ്പറയെന്റെ പിള്ളേച്ചാ, ശവത്തെക്കുത്തരുത്. കുട്ടി യപ്പൻ വഴക്കുപറഞ്ഞു. "ഓ, പിന്നേ, കേട്ടാലിപ്പം പറ്റി." എനിക്കും ദേഷ്യം വന്നു: "പാമ്പിനേം ചേട്ടനേം കണ്ടാൽ ആദ്യം ചേട്ടനെ തല്ലിക്കൊല്ലണമെന്നല്ലേ വടക്കുള്ളവർ പറയുന്നത് എന്നിട്ടിപ്പമെന്നാ ഒരു മലമ്പാമ്പ് ചത്ത് കെടക്കും പോലെയല്ലേ ഈ കെടപ്പ്. ആരാ കൊന്നത് നമ്മളാണോ?" കുട്ടിയപ്പൻ വണ്ടി നിർത്തി താഴേക്കു നോക്കി. മണലിന്റെ ശ്വാസം മുകളിലേക്കു വന്നു.

ദാസപ്പാപ്പി തന്ന മേൽവിലാസത്തിലുള്ള ആളെ കണ്ടുപിടിക്കുവാൻ കുറച്ചു ബുദ്ധിമുട്ടി. ഒടുവിൽ ഒന്നുരണ്ട് പറമ്പ് കയറി നടന്നാണ് തങ്കപ്പൻ നായരുടെ വീട് കണ്ടുപിടിച്ചത്. ഞങ്ങൾ ചെല്ലുമ്പോൾ തങ്കപ്പൻനായർ പുട്ടു കുടത്തിൽ വെള്ളം നിറച്ച് ആവിപിടിക്കുകയായിരുന്നു. ശബ്ദംകേട്ട് തലവഴി മൂടിയ മുണ്ട് മാറ്റി അയാൾ നോക്കി. തങ്കപ്പൻനായരുടെ മുഖത്ത് ഇപ്പോൾ മുള ച്ചുവന്ന വസൂരിക്കലപോലെ ആവിയുടെ കുമിളകൾ ഉണ്ടായിരുന്നു. "ആരാ?" തങ്കപ്പൻനായരുടെ ശബ്ദത്തിൽ ചെറിയ ഒരു വിറയൽ ഉണ്ടായിരുന്നു. "ഓ ഇവിടെ അടുത്തൂന്നാ." കുട്ടിയപ്പൻ പറഞ്ഞു. മുഖത്തെ വടുക്കൾ തുടച്ചു നീക്കിയിട്ട് തങ്കപ്പൻനായർ പുറത്തേക്കു വന്നു. ഒറ്റയ്ക്ക് സംസാരിക്കുന്ന ഒരാ ളെപ്പോലെ അപ്പോഴും പുട്ടുകുടം ശബ്ദമില്ലാതെ സംസാരിച്ചുകൊണ്ടിരുന്നു, വെളുത്ത നീരാവികൊണ്ട്.

കോട്ടയത്തുനിന്ന് ദാസപ്പാപ്പി പറഞ്ഞിട്ടാ വരുന്നതെന്ന് കുട്ടിയപ്പൻ തങ്കപ്പൻ നായരോട് പറഞ്ഞു. കാര്യമെന്താണെന്ന് അറിയാനുള്ള ഒരു കുത്തൽ തങ്കപ്പൻ



WITH LOVE ... LOLAN

IndianTerminal.com



നായരുടെ കണ്ണിലുണ്ടായിരുന്നു. ഇവിടെ നിൽക്കണോ? പുറത്തോട്ട് ഇറങ്ങിയാലോ എന്ന് കുട്ടിയപ്പൻ ചോദിച്ചപ്പോൾ ശടേന്ന് ഷർട്ടുമിട്ട് വരാമെന്നു പറഞ്ഞ് തങ്കപ്പൻനായര് കാല് വിടർത്തി നടന്നുനടന്ന് വീടിനകത്തേക്കു പോയി. അയാളുടെ മന്മലുമുണ്ടിനിടയിലൂടെ, വീർത്തുമുറ്റിയ വൃഷണം തുടകൾക്കിടയിൽ മുഖമുരയ്ക്കുന്നതു കണ്ടു. ഞാൻ വീടിന്റെ ഉള്ളിലേക്ക് ഒന്നുരണ്ടു വട്ടം പാളിനോക്കിയെങ്കിലും ആരെയും കണ്ടില്ല. ഷർട്ടുമിട്ട് തങ്കപ്പൻനായർ വേഗം വന്നു.

“ഇവിടെ എത്രയുണ്ട് സ്ഥലം?” കുട്ടിയപ്പനാണ് ചോദിച്ചത്. “പന്ത്രണ്ട്.” തങ്കപ്പൻനായർ പറഞ്ഞു: “വീടിന്റെ മച്ചൊക്കെ ചോരുന്നുണ്ട്. പിന്നെ അടുക്കളേടെ ചുവരാണേൽ ഇപ്പം വീഴുമെന്നു പറഞ്ഞാ ഇരിക്കുന്നെ. എല്ലാം കൂടെ നന്നാക്കണേല് ഒന്നരയെങ്കിലും വേണം. കൈയിലാണേല് കാശുമില്ല.”

“കാശിന്റെ കാര്യം ഓർത്തു പേടിക്കണ്ട. ഒരു രണ്ടുരൂപ ഞാനങ്ങ് തരും. പിന്നേം വേണേല് അതങ്ങ് പറഞ്ഞാ മതി.” കുട്ടിയപ്പൻ തങ്കപ്പൻനായരുടെ തോളിലൂടെ കൈയിട്ടാണ് ഇതു പറഞ്ഞത്. ഞാൻ കുട്ടിയപ്പനെ നോക്കിയപ്പോൾ അതല്ലേ പിള്ളേച്ചാ അതിന്റെ ഒരു ശരിയെന്ന് എന്നോടു ചോദിച്ചു. ഞാനപ്പോൾ തലയാട്ടി. അല്ലാതെന്തു ചെയ്യാനാ.

തങ്കപ്പൻനായരെ ജീപ്പിന്റെ പിറകിൽ കയറ്റി. വെറുതെ നമുക്കൊന്ന് വട്ടം ചുറ്റിവരാമെന്നും പറഞ്ഞ് കുട്ടിയപ്പൻ വണ്ടിയെടുത്തു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ തങ്കപ്പൻനായരോട് കുട്ടിയപ്പൻ പറഞ്ഞു: “ഞാൻതന്നെ വാറ്റിയ ഒരു ചെറുത് സീറ്റിനടിയിലുണ്ട്. ഒന്നു പിടിപ്പിച്ചോ.” ഓരോ കവിൾ ഇറക്കുമ്പോഴും പാമ്പ് ചീറ്റുന്നപോലുള്ള ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു തങ്കപ്പൻനായർ.

“എങ്ങനെയൊണ്ട്?” കുട്ടിയപ്പൻ ചോദിച്ചു.

“ഹോ, അമൃതല്ലേ അമൃത്.” തങ്കപ്പൻനായർ പറഞ്ഞു.

നീറിനിൽക്കുന്ന ഒരു മണം വണ്ടിക്കകത്ത് നിറഞ്ഞു. ഇടയ്ക്കിടയ്ക്ക് തങ്കപ്പൻനായരുടെ ശീൽക്കാരവും. ആളൊഴിഞ്ഞ ഒരു സ്ഥലം നോക്കി കുട്ടിയപ്പൻ വണ്ടി നിർത്തി. തങ്കപ്പൻനായർ പുറത്തേക്കിറങ്ങാൻ തുടങ്ങിയപ്പോൾ അവിടെ ഇരുന്നാൽ മതി ചേട്ടാ എന്നുംപറഞ്ഞ് കുട്ടിയപ്പൻ വണ്ടിയുടെ പിന്നിൽ വന്നു ചേർന്നുനിന്നു. കുട്ടിയപ്പനും തങ്കപ്പൻനായരും കുറച്ചുനേരത്തേക്ക് ഒന്നും മിണ്ടിയില്ല. ഇങ്ങനെ മിണ്ടാട്ടമില്ലാതെ നിന്നുനിന്ന് ഇവരുടെ ജീവിതം ഇവിടെത്തന്നെ തീർന്നുപോകുമോയെന്നുപോലും ഞാൻ പേടിച്ചു. എന്നാൽ കുട്ടിയപ്പൻതന്നെ ആ നിശ്ശബ്ദതയെ അങ്ങ് പൊട്ടിച്ചുകളഞ്ഞു. “വന്ന കാര്യം മനസ്സിലായിക്കാണുമല്ലോ അല്ലേ?” കുട്ടിയപ്പൻ ചോദിച്ചു. തങ്കപ്പൻനായർ തലയാട്ടി.

“പക്ഷേ, ചെറിയൊരു പ്രശ്നമുണ്ട്. അതിപ്പം എങ്ങനാ പറയേണ്ടതെന്നൊന്നും എനിക്കറിയാമ്മേല. തങ്കപ്പൻനായരുചേട്ടാ നിങ്ങളുടെ മകളെ എനിക്കൊന്നു വേണം. ഒരു ആനയുടെ തുമ്പിക്കൈയില് ചാരി നിർത്തി എനിക്കൊന്ന് ഭോഗിക്കാനാ.” ഒരച്ഛൻ ഇതെങ്ങനെ കേട്ടുനിൽക്കുമെന്ന അമ്പരപ്പ് ഒരു നിമിഷത്തേക്ക് എന്റെ ഉടലുപുകഞ്ഞ് നിന്നു. പക്ഷേ, തങ്കപ്പൻനായർ ഇടയ്ക്കിടയ്ക്ക് ഇരപിടിക്കുംപോലെ നാക്കുനീട്ടി വാറ്റിന്റെ വീര്യത്തെ പുറത്തെ തണുപ്പുമായി ഇണചേർത്തുകൊണ്ടിരിക്കുകയായിരുന്നു. തങ്കപ്പൻ



WITH LOVE ... LOLAN

IndianTerminal.com



നായർ ഒരിറക്കുകൂടി കുടിച്ചിട്ട് ചോദിച്ചു: "സാറേ, അതൊക്കെ വെല്യ അപകടം പിടിച്ച പണിയല്ലേ."

"എന്ത് അപകടം. എന്റെ ചേട്ടാ കിടത്തുന്നതിനുപകരം നിർത്തുന്നു. ചുവരിനു പകരം ആനയുടെ തുമ്പിക്കൈയാണെന്നല്ലേയുള്ളൂ."

"എന്നാലും..." തങ്കപ്പൻനായരുടെയുള്ളിലെ അച്ഛൻ ഒന്നു സംശയിച്ചു.

"നമ്മള് ഇള്ളാക്കുഞ്ഞുങ്ങളെക്കൊണ്ട് ആനേടടീക്കൂടി നൂണ്ട് പോകുന്നില്ലേ. പറയെടുക്കാൻ ചെല്ലുമ്പം പിള്ളാരെ തുമ്പിക്കൈയേല് തൊടീക്കുന്നില്ലേ. അത്രയേയൊള്ളൂ. നമുക്കറിയാവുന്ന ആനയല്ലേ ഒരു ഉറുമ്പ് ചാരി നിൽക്കുന്നപോലേ അതിന് തോന്നത്തുള്ളു." തങ്കപ്പൻനായർ തലയാട്ടിക്കൊണ്ടിരുന്നപ്പോൾ ഒരുകെട്ട് നോട്ടെടുത്ത് കുട്ടിയപ്പൻ കൈയിൽ വെച്ചുകൊടുത്തു.

തിരിച്ചുപോകുന്നവഴിക്ക് കുട്ടിയപ്പൻ കൊച്ചിനെ ഒന്നു കാണണമല്ലോ തങ്കപ്പൻനായരുചേട്ടാ എന്നു പറഞ്ഞു. ഓ അതിനിപ്പമെന്നാ വീട്ടിലേക്കല്ലേ പോകുന്നതെന്ന് അയാളും പറഞ്ഞു. ഒരു കാര്യം ചെയ്യ്. ഞങ്ങൾ വണ്ടിയേത്തന്നെ ഇരിക്കാം. ചേട്ടൻ കൊച്ചിനെ വിളിച്ചോണ്ടു വാ. നമുക്കവൾക്ക് കൊറച്ച് തുണിയൊക്കെ മേടിക്കാൻവേണ്ടി പൊറത്തോട്ട് പോകാമെന്ന് കുട്ടിയപ്പൻ പറഞ്ഞു. തങ്കപ്പൻനായർ വണ്ടിയിൽനിന്നിറങ്ങി. അയാൾ പോയിക്കഴിഞ്ഞപ്പോൾ കൊറച്ച് കൈവിട്ട കളിയാണോയെന്ന് ഞാൻ കുട്ടിയപ്പനോട് ചോദിച്ചു.

കുട്ടിയപ്പൻ അപ്പോൾ കണ്ണടച്ച് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. പ്രാർത്ഥനപോലെ തോന്നിയില്ല. എന്നാലത് പ്രാർത്ഥനപോലെ തോന്നി.

"സാറേ, ഇതാ മകള്." തങ്കപ്പൻനായരുടെ ശബ്ദംകേട്ടാണ് തിരിഞ്ഞു നോക്കിയത്. ചെറിയ ഒരു പെൺകുട്ടി. എനിക്ക് പെട്ടെന്ന് എന്റെ മകൾക്ക് കുറച്ചുനാളുകൾക്കു മുമ്പ് ഇതേ ഛായയായിരുന്നുവോ എന്ന് തോന്നിപ്പോയി.

"വണ്ടീലേക്ക് കേറ്." കുട്ടിയപ്പൻ പറഞ്ഞു.

വണ്ടി വിട്ടുകഴിഞ്ഞപ്പം കുട്ടിയപ്പൻ തിരിഞ്ഞിരുന്ന് ചോദിച്ചു: "മോൾടെ പേരെന്നാ?"

അവളൊന്നും മിണ്ടിയില്ല.

"എന്റെ പേര് കുട്ടിയപ്പൻ. ഇത് പിള്ളേച്ചൻ. പണ്ട് ഗൾഫിലായിരുന്നു. ഇപ്പം അവിടുന്നൊക്കെ പോന്ന് ചുമ്മാ നടക്കുവാ. എനിക്ക് പണിയൊന്നുമില്ല."

വണ്ടി ഒരു കുഴിയിൽ ഒന്നിറങ്ങി ആടിത്തെറിച്ചു.

"മോളെപ്പോലൊരു മോള് ഈ പിള്ളേച്ചനുണ്ട്. കണ്ടാലും ഇങ്ങനെതന്നെ ഇരിക്കും. നല്ല വെളുത്ത്, വെല്യ കണ്ണുമൊക്കെയായിട്ട്."

ഒരു നിമിഷം എന്റെ ചങ്കിൽ ഭാരം തോന്നി.

"മോൾടെ പേര് പറ മോളേ." കുട്ടിയപ്പൻ പിന്നെയും പറഞ്ഞു.

"അവളെ വീട്ടിൽ വിളിക്കുന്ന പേര്... തങ്കപ്പൻനായർ പറയാൻ തുടങ്ങിയത് കുട്ടിയപ്പൻ അപ്പോൾത്തന്നെ തടഞ്ഞിട്ട് പറഞ്ഞു: "ഇവൾക്ക് പേരു പറയാൻ മടിയാണേല് ഞാനിവളെ ലീലയെന്ന് വിളിക്കാൻ പോകുവാ."

"അതു കൊള്ളാം." തങ്കപ്പൻനായർ ഒരു വെടക്ക് ചിരി ചിരിച്ചു.



WITH LOVE ... LOLAN

IndianTerminal.com



ഞാൻ തിരിഞ്ഞുനോക്കി. പെൺകുട്ടി വണ്ടിയിൽ ചാരി ഇരിക്കുകയാണ്. കണ്ണിൽ വെളിച്ചമൊന്നുമില്ല. നെഞ്ചിന്റെ ചെറിയ ഉയർച്ചതാഴ്ച മാത്രമാണ് അവൾ ശ്വസിക്കുന്നുണ്ടെന്ന് കാണിച്ചുതന്നത്.

തുണിക്കടയിലും അവൾ ഒന്നും മിണ്ടാതെ നിൽക്കുകയായിരുന്നു. നിറമുള്ള പല തുണികളും സെയിൽസ്മാന്റെ ഇരുകൈകളിൽനിന്നും മേശയിലേക്ക് അല്പദൂരം മാത്രം പറക്കുന്ന പക്ഷികളെപ്പോലെ വന്നു വീണുകൊണ്ടിരുന്നു. അവളൊന്നും കാണുന്നില്ലെന്ന് എനിക്കു മനസ്സിലായി. കുട്ടിയപ്പനാണ് എല്ലാം തിരഞ്ഞെടുത്തത്. ഒരു സെയിൽസ് ഗേളിനെ വിളിച്ച് കുട്ടിയപ്പൻ നല്ല പൂവും നിറവുമൊക്കെയുള്ള ഷഡ്ഡീം ബ്രേസിയറുംകൂടെ നാലഞ്ച് എണ്ണം എടുത്തോ എന്ന് രഹസ്യമായിപ്പറഞ്ഞു. സെയിൽസ് ഗേൾ ചെറിയ നാണത്തോടെ സൈസ് അറിയണ്ടേ എന്ന് ചോദിച്ചപ്പോൾ ഓ, തന്റെയൊക്കെ സൈസങ്ങ് എടുത്താൽ മതിയെടോയെന്ന് കുട്ടിയപ്പനും പറഞ്ഞു.

തുണിയെല്ലാം എടുത്തുകഴിഞ്ഞ് കുട്ടിയപ്പൻ ലീലയോട് എന്തെങ്കിലും കഴിക്കണ്ടേ എന്നു ചോദിച്ചു.

"പിന്നെ വേണ്ടേ, വയറ് കത്തുവാ." തങ്കപ്പൻനായരാണ് മറുപടി പറഞ്ഞത്.

ലീല ഒന്നും കഴിച്ചില്ല. വെറുതെ മുന്നിലെ പാത്രത്തിൽ വിരലുകൾ വെച്ചു. ആറിത്തണുത്ത വിരലുകൾ ആ ഭക്ഷണത്തിന്റെ ചൂടിനെയും പെട്ടെന്ന് തണുപ്പിച്ചു.

"കഴിക്ക് ലീലേ." കുട്ടിയപ്പൻ പറഞ്ഞു.

"ഓ, സാറ് അത് നോക്കണ്ട. അവൾക്കങ്ങനെ വെല്യ കഴിപ്പൊന്നുമില്ല." ഇറച്ചിയുടെ എല്ല് ചീമ്പിയെടുത്തുകൊണ്ട് തങ്കപ്പൻനായർ പറഞ്ഞു.

ഇവൾടെ തള്ളയ്ക്കുംകൂടെ ഒരു പാഴ്സല് മേടിച്ചേക്കണമെന്ന് തങ്കപ്പൻനായർ ഓർമിപ്പിച്ചു.

"നല്ല ഭർത്താവ്..." തങ്കപ്പൻനായരെ ചേർത്തുപിടിച്ചുകൊണ്ട് കുട്ടിയപ്പൻ പറഞ്ഞു.

കുറ്റിപ്പുറത്തെ ലോഡ്ജ്മുറിയിൽ വന്നുകഴിഞ്ഞപ്പോൾ ഞാൻ കുട്ടിയപ്പനോട് പറഞ്ഞു: "ഞാനിന്ന് രാത്രീത്തന്നെയങ്ങ് പോയാലോന്ന് ആലോചിക്കുവാ."

"അതെന്നാ ഏർപ്പാടാ പിള്ളേച്ചാ," കൈയിലിരുന്ന സിഗരറ്റ് ഒന്ന് ആഞ്ഞെടുത്തിട്ട് കുട്ടിയപ്പൻ പറഞ്ഞു: "ചുമ്മാ പടിയേല് കൊണ്ടുവന്ന് കലമൊടയ്ക്കല്ലേ."

"അതല്ല കുട്ടിയപ്പാ." എന്തു പറയണമെന്നറിയാതെ കുറച്ചുനേരം ഞാൻ മിണ്ടാതെനിന്നു.

"പിള്ളേച്ചോ, എനിക്ക് കാര്യം മനസ്സിലായി. ആ കൊച്ചിന്റെ കാര്യമല്ലേ. അവൾടെ തന്തയ്ക്ക് തോന്നാത്ത കാര്യം പിള്ളേച്ചനെന്നാത്തിനാ തോന്നുന്നത്. അതാണതിന്റെ വിധി. ഇപ്പം നമ്മളല്ല വേറെ ആരെങ്കിലുമാണെങ്കിലോ അപ്പഴും തങ്കപ്പൻനായർ ഇതൊക്കെത്തന്നെപറയും. ഇതൊക്കെത്തന്നെ കാണിക്കും."

"കുട്ടിയപ്പന് അതൊന്നും മനസ്സിലാവത്തില്ല." ഞാൻ പറഞ്ഞു.


WITH LOVE ... LOLAN

IndianTerminal.com



"അതു ശരിയാ. പക്ഷേ, എന്നായാലും പിള്ളേച്ചൻ പോകണ്ട. നാളെ രാത്രീല് പതിനൊന്നുമണി കഴിഞ്ഞാൽ ദേ, ഠപ്പേന്നും പറഞ്ഞ് വയനാട്ടീന്ന് കോട്ടയത്തേക്ക് ഒറ്റപ്പിടിത്തം."

ഞാൻ ഒന്നും പറഞ്ഞില്ല. കുട്ടിയപ്പൻ ലൈറ്റ് ഓഫ് ചെയ്തു. എനിക്ക് ഉറക്കം വന്നില്ല. പുറത്തെ വഴിയിലെ വണ്ടിയുടെ ശബ്ദം ഇടയ്ക്കിടയ്ക്ക് തലനീട്ടി നോക്കിയിട്ട് ഓടിപ്പോകുന്നുണ്ട്.

"പിള്ളേച്ചാ." കുട്ടിയപ്പൻ വിളിച്ചു.

"എന്നാ?" ഞാൻ ചോദിച്ചു.

"നാളെ രാത്രീല് നമ്മുടെകൂടെ ഞാൻ ലീലേംകൂടെ വീട്ടിലേക്കു കൊണ്ടു പോകുവാ."

"എന്നാ വട്ടാ ഈ പറയുന്നെ കുട്ടിയപ്പാ." ഞാൻ കട്ടിലിൽനിന്ന് ചാടിയെഴു ന്നേറ്റു.

"അതിനിപ്പം പിള്ളേച്ചനെന്നാത്തിനാ പേടിക്കുന്നേ? എന്റെ വീട്ടിലേക്കല്ലേ കൊണ്ടുപോകുന്നത്?" കുട്ടിയപ്പൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"നാട്ടുകാരെന്നാ പറയും?"

"നാട്ടുകാരെന്നെക്കുറിച്ച് ഇനി എന്നാ പറയാനാ. പറയാനൊള്ളതെല്ലാം പറഞ്ഞു. അവൻ വയസ്സാംകാലത്ത് ഒരു കൊച്ചിനെക്കൂടെ കൊണ്ടുവന്ന് പൊറുപ്പിക്കുവാണന്നല്ലേ? പറഞ്ഞോട്ടെ. പക്ഷേ, ഈ തന്തേടെ കൈയില് കൊടുത്തിട്ടു പോയാ ശരിയാവില്ല."

"എന്നാപ്പിന്നെ നാളെ രാവിലെതന്നെ കൊച്ചിനേംകൊണ്ടങ്ങുപോയാ ലോ?"

"പിള്ളേച്ചാ, വയനാട്ടില് ആന കാത്തുനിക്കത്തില്ലേ, ദേവസ്സി കാത്തു നിക്കത്തില്ലേ, പിന്നെ ഇങ്ങനെയൊരാഗ്രഹം നടക്കാൻവേണ്ടി ഞാനും കാത്തു നിൽക്കുവല്ലേ. ആദ്യം കാര്യം നടക്കട്ടെ. പിന്നെ നമുക്കങ്ങ് പോകാം."

"അപ്പോ, തന്തയോ?"

"അയാടെ ഓതം[1] വെട്ടി പട്ടിക്കിട്ടുകൊടുക്കാം."

"കുട്ടിയപ്പോ." ഞാൻ പേടിച്ചു വിളിച്ചു.

"അതിനൊക്കെ വഴിയൊണ്ട്."

ഇരുട്ടിൽ കുട്ടിയപ്പന്റെ കൂർക്കംവലി വണ്ടുരുളുംപോലെ എന്റെ തലയ്ക്കു മുകളിൽ വന്ന് കറങ്ങിക്കൊണ്ടിരുന്നു. ഇരുട്ടിനോടു പാകമായ കണ്ണുകൊണ്ട് ഞാൻ കുട്ടിയപ്പനെ നോക്കി. അയാളുടെ വലിയ വയർ, ആ ശരീരത്തിൽ നിന്ന് രക്ഷപ്പെട്ട് മുകളിലേക്കു ചാടാനെന്നപോലെ ഉയർന്നുതാഴുന്നതു നോക്കി കുറച്ചുനേരംകൂടി ഞാൻ ഉറങ്ങാതെ കിടന്നു.

വയനാട് ചുരം കയറുമ്പോൾ കുട്ടിയപ്പൻ ലീലയോട് ചോദിച്ചു: "ആർക്ക മിഡീസിന്റെ തത്ത്വമറിയാമോ?"

ലീല ഒന്നും പറഞ്ഞില്ല.

"സോക്രട്ടീസിന് ആരാ വെഷം കൊടുത്തതെന്ന് അറിയാമോ?"

ലീല അതിനും ഒന്നും പറഞ്ഞില്ല.

1 ഹൈഡ്രോസിൽ



WITH LOVE ... LOLAN

IndianTerminal.com



"ആദികാവ്യം ഏതാണെന്ന് അറിയാമോ?"

തങ്കപ്പൻനായര് ലീലയുടെ കാലിൽ അമർത്തിചവിട്ടിയിട്ട് 'പറയെടീ' എന്നു പറയുന്നതുകേട്ടു. ഞാൻ കുട്ടിയപ്പനെ തോണ്ടി വിളിച്ചിട്ട് മതിയെന്നു പറഞ്ഞു.

ദേവസിക്കുട്ടീടെ വീടിനു കുറച്ച് അപ്പുറത്തെത്തിയപ്പോൾ അവിടെ വണ്ടിയിട്ടിട്ട് കുട്ടിയപ്പനും തങ്കപ്പൻനായരുംകൂടി ദേവസിക്കുട്ടിയുടെ വീട്ടിലേക്കു നടന്നുപോയി. ഞാൻ വണ്ടിക്കു പുറത്തിറങ്ങി. ചെറിയൊരു തണുത്ത കാറ്റ് വന്നു.

"ലീലേടെ ശരിക്കുള്ള പേരെന്നാ?" ഞാൻ ചോദിച്ചു.

ലീല ഒന്നും പറയാതെ എന്റെ മുഖത്തേക്കു നോക്കി. ഒരു വലിയ സങ്കടം ആ കണ്ണിൽനിന്ന് ഇപ്പോൾ ഒലിച്ചിറങ്ങുമെന്ന് ഞാൻ പേടിച്ചു.

ഞാൻ വണ്ടിയുടെ അടുത്തുനിന്ന് കുറച്ചു മാറിനിന്നു. കുറച്ചു കഴിഞ്ഞപ്പോൾ എന്തോ ഒരു ശബ്ദം കേട്ടാണ് തിരിഞ്ഞുനോക്കിയത്. ലീല വണ്ടിയിൽനിന്ന് പുറത്തേക്കു തല നീട്ടി ഛർദ്ദിക്കുകയാണ്. ഞാൻ പുറം തിരുമ്മിക്കൊടുത്തു. ഛർദ്ദി നിന്നുകഴിഞ്ഞപ്പോൾ വെള്ളമെടുത്തു കൊടുത്തു. അവൾ മുഖം കഴുകി. കുറച്ചു കുടിച്ചു.

"ഇത്രേം ദൂരം കുടുങ്ങിക്കുടുങ്ങി വന്നതുകൊണ്ടാ." ഞാൻ പറഞ്ഞു.

ലീല എന്നെ നോക്കി.

എനിക്കവളുടെ മുഖത്തേക്കു നോക്കാൻ കഴിഞ്ഞില്ല.

കുറച്ചുകഴിഞ്ഞ് കുട്ടിയപ്പനും തങ്കപ്പൻനായരും തിരിച്ചുവന്നിട്ട് രാത്രിയിൽ വരാൻ ദേവസിക്കുട്ടി പറഞ്ഞെന്ന് പറഞ്ഞു. വണ്ടി ഒരു ലോഡ്ജ്മുറി തപ്പി ഓടി മാനന്തവാടിയിൽ എത്തി.

സൂര്യൻ ചുരമിറങ്ങിക്കഴിഞ്ഞപ്പോൾ കുട്ടിയപ്പൻ തങ്കപ്പൻനായരോട് ലോഡ്ജിൽ ഇരുന്നാൽ മതിയെന്നും ലീലയോട് ഒന്നു കുളിച്ചിട്ടുവരാനും പറഞ്ഞു. കുട്ടിയപ്പനും ഞാനും മുറിയിൽച്ചെന്നൊന്നു കുളിച്ചു. അവിടെ നിന്നിറങ്ങും മുമ്പ് ഞാൻ കുട്ടിയപ്പനോട് പറഞ്ഞു: "ആ കൊച്ചിന് വയ്യാണ്ടിരിക്കുവാന്നാ തോന്നുന്നെ. കൊറെ ഛർദ്ദിച്ചു."

"ഓ. അത്രേയുള്ളോ, അതിപ്പം കുളിച്ചുകഴിയുമ്പം മാറിക്കോളും. പിള്ളേച്ചാ നമ്മടെ ലീലേടെ ഉടുപ്പ് എങ്ങനെയുണ്ട്?" കക്ഷത്തിൽ പൗഡറിട്ടുകൊണ്ട് കുട്ടിയപ്പൻ ചോദിച്ചു. എനിക്കൊന്നും പറയാൻ തോന്നിയില്ല.

വണ്ടി ദേവസിക്കുട്ടിയുടെ വീട്ടിലേക്കോടുമ്പോൾ ഞാൻ തിരിഞ്ഞു നോക്കി. വണ്ടിയുടെ ചെറിയ ഇളക്കത്തിനനുസരിച്ച് ഇരുട്ടും ഇളകുന്നതു പോലെ തോന്നി. ആ കറുപ്പിൽ ചെറിയൊരു വെട്ടംപോലെ ലീലയും.

ദേവസിക്കുട്ടിയുടെ വീടിനു മുറ്റത്തു കൊണ്ടുവന്ന് വണ്ടിയിട്ടു. കാപ്പിച്ചെടി പൂത്തതിന്റെ മണം എന്നെ പേടിപ്പിച്ചു. ഇടയ്ക്കെപ്പോഴോ തള്ളയുടെ ജനലൊന്ന് തുറന്നു, അടഞ്ഞു. അതിലും ഇരുട്ടായിരുന്നു.

ഇരുട്ടിൽനിന്നും പെട്ടെന്ന് ദേവസിക്കുട്ടി വന്നു. ലീലയെ ഒന്നു നോക്കിയിട്ട് എന്നാൽ നടന്നോ എന്നും പറഞ്ഞ് കാപ്പിച്ചെടികൾക്കിടയിലേക്ക് കയറി. മുന്നിൽ നടന്ന വെട്ടത്തിനു പിന്നാലെ ഞങ്ങളും നടന്നു. കാപ്പി ഇലകൾ ചില


WITH LOVE ... LOLAN

IndianTerminal.com



വേശ്യകളെപ്പോലെ തോണ്ടിവിളിക്കുന്നതുപോലെയൊക്കെ എനിക്കു തോന്നി. കുറച്ചുദൂരം നടന്നുകഴിഞ്ഞ് ദേവസിക്കുട്ടി കൈയിലെ വെളിച്ചം ഒരല്പം ഉയർത്തി. ആ വെളിച്ചം പോയി രണ്ട് വലിയ കൊമ്പുകളിൽ കോർത്തു നിന്നു. രാത്രിയോളം വളർന്ന ഒരു ഗജം! ഞാൻ ഭയന്നുപോയി.

"പിള്ളേച്ചൻ ഈ തേക്കിന്റെ മറവിൽ നിന്നാൽ മതി." കുട്ടിയപ്പൻ പറഞ്ഞു.

ഞാൻ തലയാട്ടി.

കുട്ടിയപ്പൻ ലീലയെയും വിളിച്ച് മറ്റൊരു മരത്തിന്റെ ചുവട്ടിലേക്കു പോയി.

ആനയുടെ ചൂര് മെല്ലെ എനിക്കുചുറ്റും വന്നു നിന്നു. എന്റെ നെഞ്ചിന്റെ മിടിപ്പ് തേക്കിൻതടിയിൽ തട്ടി തിരിച്ചുവന്നുകൊണ്ടിരുന്നു.

തുണിയൊക്കെ മാറിയെങ്കിൽ ഇങ്ങ് പോരേ എന്ന് ദേവസി കുട്ടിയപ്പ നോട് വിളിച്ചുപറഞ്ഞു.

കുട്ടിയപ്പനും ലീലയും നഗ്നരായി ആനയുടെ അടുത്തേക്കു ചെല്ലുന്നതു കണ്ടു. ദേവസി ആനയുടെ തുമ്പിക്കൈയിൽ തൊട്ടു. കുട്ടിയപ്പനും ആനയെ തൊട്ടു. ദേവസ്സി ഇടത്തുഭാഗത്തെ കാലിന്റെ ചുവട്ടിലേക്ക് മാറി. ലീലയെ ഇരുതോളുകളിലും പിടിച്ച് കുട്ടിയപ്പൻ മെല്ലെ പിന്നിലേക്ക് നടത്തി. എന്നിട്ട്, ആനയുടെ കൊമ്പിനിടയിലൂടെ തുമ്പിക്കൈയിലേക്ക് ചേർത്തുനിർത്തി. പിന്നെ, കുട്ടിയപ്പൻ അവളുടെ തോളിൽനിന്നും കൈകൾ എടുത്തു. അല്പം പിന്നിലേക്കു മാറിയിട്ട് ആനയുടെ കൊമ്പിൽ കുട്ടിയപ്പൻ രണ്ട് കൈകളും കൊണ്ട് മുറുകെപ്പിടിച്ചു. ഞാൻ ലീലയെ നോക്കി. തന്റെ ശരീരം ചേർന്നു നിൽക്കുന്നതെന്തിലാണെന്ന് അവൾക്കറിയില്ലേ? തുമ്പിക്കൈയുടെ കൂർത്ത രോമങ്ങൾ ആ ചെറിയ ശരീരത്തിനെ ഇപ്പോൾ വേദനിപ്പിച്ച് തുടങ്ങിയിട്ടു ണ്ടാവും. ആനയുടെ മണം അവളുടെ ഉടലു മുഴുവൻ പതയാനും തുടങ്ങിയി ട്ടുണ്ടാവും. ഇരുട്ട് വലിയൊരാനയുടെ രൂപംപൂണ്ട് എന്റെ ചുറ്റിലും വളരുന്ന തുപോലെ തോന്നി.

കുട്ടിയപ്പനിപ്പോൾ തന്റെ ഭ്രാന്തിന്റെ കൊടുമുടിയിലേക്ക് അതിന്റെ ആദ്യത്തെ കാലൂന്നും. എന്റെ കണ്ണുകൾ കുട്ടിയപ്പനും ആനയ്ക്കുമിടയിലുള്ള ലീലയിൽ തറഞ്ഞുനിന്നു. ഓരോ നിമിഷത്തിന്റെയും നിശ്ശബ്ദമായ വിറയൽ എന്റെ പെരുവിരലിൽനിന്ന് വളർന്നുതുടങ്ങി. എന്നാൽ കുട്ടിയപ്പന്റെ ശരീരം ഒന്ന് അനങ്ങിയതുപോലുമില്ല. അത് ലീലയുടെ ശരീരത്തിനു നേർക്ക് നിൽക്കുക മാത്രം ചെയ്തു. പിന്നെ കുട്ടിയപ്പൻ കൈകൾ ലീലയുടെ കൈകളിൽ ചേർത്തു. തുമ്പിക്കൈയിൽനിന്നും ലീലയെ മെല്ലെ വിടർത്തിയിട്ട് കൊമ്പി നിടയിലൂടെ അവളെ പുറത്തേക്കു നടത്തിയിട്ട് ഒരു കുഞ്ഞിനോടുള്ള വാത്സ ല്യംപോലെ അവളുടെ നെറുകയിൽ ഉമ്മവെച്ചു. പിന്നെ കുട്ടിയപ്പൻ തിരിഞ്ഞു നടന്നു. പിന്നാലെ ലീലയും. പരിണാമദശയിലെ വിചിത്രമായൊരു ചിത്രം പോലെ മുന്നിൽ നഗ്നനായ കുട്ടിയപ്പൻ, അതിനു പിന്നിൽ നഗ്നയായ ലീല, അതിനു പിന്നിൽ ഭൂമിയിലെ ഏറ്റവും വലിയ മൃഗം. നടക്കുന്നതിനിടയിൽ പെട്ടെന്നാണ് ലീല തിരിഞ്ഞുനിന്നത്. ഒരു നിമിഷത്തിന്റെ അർദ്ധമാത്രയിൽ



WITH LOVE ... LOLAN

തന്റെ ഇണയെ ചേർത്തുപിടിക്കുംപോലെ നീണ്ടുവന്നൊരു കൈ ലീലയെ ചുറ്റി നിന്നു. അത് ആകാശത്തേക്ക് അവളെ ഉയർത്തിയിട്ട് കൊമ്പിന്റെ മൂർച്ച യിൽ രാകിയെടുത്തു. പിന്നെ കാലുകൾക്കിടയിലേക്കു കിടത്തിയിട്ട് ഇരുട്ടിന്റെ മഹാകാരംപൂണ്ട ആ വലിയ ജീവി ഉപരിസുരതത്തിനെന്നപോലെ ലീലയി ലേക്ക് തന്റെ ഭാരത്തെ ഇറക്കിവെച്ചു.



WITH LOVE ... LOLAN